ഭാരത സർക്കാർ

വനിത ശിശു വികസന മന്ത്രാലയം

ഭാരത സർക്കാർ

പുതിയ പ്രഭാതത്തിലേക്ക്

വനിത ശിശു വികസന മന്ത്രാലയം

ആസ്തി ആർജ്ജിക്കലും സംരക്ഷിക്കലും

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് കോ-ഓപ്പറേഷൻ ആന്റ് ചൈൽഡ് ഡവലപ്പ്മെന്റ്

5, സിറ്റി ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, ഹോസ് വാസ്,

ന്യൂ ദില്ലി - 110016

അവതാരിക

സാമൂഹ്യവികസനത്തിലെ പങ്കാളിത്ത ആസൂത്രണത്തിന്റെ സങ്കല്പവും ആവശ്യകതയും പ്രാധാന്യവും മനസ്സിലാക്കാൻ സഹായകമാണ് ഈ കൈപുസ്തകം.

ഗ്രാമ/വാർഡുതലങ്ങളിൽ മുൻഗണനാടിസ്ഥാനത്തിലുള്ള പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കി അത് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ക്രോഡീകരിക്കാൻ പങ്കാളിത്ത ആസൂത്രണ പ്രക്രിയ എങ്ങനെ നടത്തണമെന്നുള്ള ലളിതവും പടിപടിയായുള്ളതുമായ മാർഗ്ഗനിർദ്ദേശം ഈ പുസ്തകം വിശദീകരിക്കുന്നു. പ്രാദേശിക ആസൂത്രണത്തിനു വേണ്ട സാങ്കേതിക കാര്യങ്ങൾ ലളിതമായി ഇതിൽ അവതരിപ്പിക്കുന്നുണ്ട്. പങ്കാളിത്ത ആസൂത്രണത്തിന്റെ പ്രക്രിയ ഒരിക്കൽ മനസ്സിലായാൽ, ഗ്രാമതലത്തിൽ ആസ്തി ആർജ്ജിക്കുന്ന പ്രക്രിയ തിരിച്ചറിയാനും ആസൂത്രണം ചെയ്യാനും നിർവ്വഹിക്കാനും അത് സഹായകമാകും.

പ്രാദേശിക ജനങ്ങളെ ക്രിയാത്മകതയുടെയും പ്രതിജ്ഞാബദ്ധതയുടെയും കവചമണിയിച്ച് ബാധ്യതകളെ ആസ്തികളാക്കാനും പ്രശ്നങ്ങളെ പ്രതിവിധികളാക്കാനും പ്രാദേശിക സാമ്പത്തിക വളർച്ചയെ പിന്തുണക്കുന്ന സ്ഥായിയായ സാമൂഹിക കർമ്മ പദ്ധതിക്കുള്ള അടിത്തറ വികസിപ്പിച്ചെടുക്കാനുമുള്ള പ്രാപ്തി സമൂഹത്തിനുണ്ട്. അപായ/ദുരന്ത കാലങ്ങളിൽ ഈ ആസ്തികളെ കാര്യക്ഷമമായി ഉപയോഗിക്കാനാകും.

പാതബന്ധങ്ങൾ (Road Connectivity) , ഭവന നിർമ്മാണം, തൊഴിൽ സൃഷ്ടിക്കൽ, വാട്ടർ ടാങ്കുകൾ, ചന്തകൾ, വിദ്യാലയങ്ങൾ, അങ്കണവാടി കേന്ദ്രങ്ങൾ തുടങ്ങിയ ഗ്രാമങ്ങളിലെ സുഖജീവിതത്തിനാവശ്യമായ വ്യത്യസ്ത ആസ്തികൾ തിരിച്ചറിയാൻ ഇത് സഹായിക്കും. ഗ്രാമതലത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും ശ്രേഷ്ഠ സേവനങ്ങൾ പ്രദാനം ചെയ്യുന്ന സുസ്ഥിര ആസ്തികൾ, ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും സംയോജനത്തിലൂടെ സൃഷ്ടിക്കാനുള്ള വെളിച്ചവും ഇത് പകർന്നു തരുന്നു. ഇതു കൂടാതെ സമൂഹാധിഷ്ഠിത വിലയിരുത്തൽ പ്രക്രിയയും ഗ്രാമീണതലത്തിലുള്ള അങ്കണവാടി സേവനങ്ങളെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അവലോകനം ചെയ്യാനുള്ള പങ്കും ഗ്രഹിക്കാൻ ഈ പുസ്തകം നമ്മെ പ്രാപ്തരാക്കും.

പങ്കാളിത്ത ആസൂത്രണവും ഗ്രാമവികസനവും

ദുർബല-ദരിദ്ര വിഭാഗങ്ങളിലേക്ക് വികസന നേട്ടങ്ങൾ വ്യാപിപ്പിക്കുന്നതും ഗ്രാമീണനിവാസികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതിയുടെ പുരോഗതി ഉൾപ്പെടുന്നതും സുസ്ഥിര വികസന പ്രക്രിയയിൽ അവരുടെ സജീവ ഭാഗഭാഗിത്വം ഉറപ്പുവരുത്തുന്നതുമാണ് ഗ്രാമവികസനം. ഏറെക്കാലമായി അവശ്യം വേണ്ട വികസനത്തിനായി ബുദ്ധിമുട്ടിയ ജനങ്ങളുടെ ഇടപെടലുകൾക്കായി ആസൂത്രണം, രൂപകല്പന, നിർവ്വഹണം, ദിശാഗതിനിയന്ത്രണം (Monitoring) എന്നിവയ്ക്ക് സമൂഹത്തിന്റെ സചേതനമായ പങ്കാളിത്തം അനിവാര്യമാണ്. അവരുടെ അവസ്ഥ, പ്രശ്നങ്ങൾ അവയെ അഭിസംബോധന ചെയ്യാനും തൽസ്ഥിതി മെച്ചപ്പെടുത്താനും എന്തൊക്കെ ചെയ്യണമെന്ന് പുറമെ നിന്നുള്ള ഏതൊരു ആളുകളെക്കാളും നന്നായി ഗ്രാമത്തിലെ ആളുകൾക്കറിയാം എന്നത് എളുപ്പത്തിൽ മനസ്സിലാക്കാവുന്ന കാര്യമാണ്. സാമൂഹിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും അവരുടേതായ സ്വന്തം പരിഹാരങ്ങൾ കണ്ടെത്താനും സഹായിക്കാനാണ് പങ്കാളിത്തത്തോടെയുള്ള ആസൂത്രണം സംഘടിപ്പിക്കുന്നത്.

പങ്കാളിത്ത ആസൂത്രണത്തെ അറിയാൻ

- പാവപ്പെട്ടവരും അരികുവല്ക്കരിക്കപ്പെട്ടവരും (marginalised) ബുദ്ധിമുട്ടുകൾക്ക് വിധേയമാകുന്നവരുമായ ജനങ്ങളുടെ അവസ്ഥ സാർത്ഥകമായി മെച്ചപ്പെടുത്തുന്നതിനുള്ള മുൻഗണനാ പ്രവർത്തനങ്ങൾ ചർച്ചചെയ്ത് അംഗീകരിക്കുന്ന സമൂഹത്തിലെ അംഗങ്ങൾ, വികസന പങ്കാളികൾ, പ്രാദേശിക സർക്കാർ പ്രതിനിധികൾ, സമൂഹാധിഷ്ഠിത സംഘടനകൾ (CBO) എന്നിവരുടെ പങ്കാളിത്ത ത്തോടെയാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നത്.
- തീരുമാനമെടുക്കുന്നതിലും കർമ്മപരിപാടി തെരഞ്ഞെടുക്കുന്നതിലും ലിംഗം, ജാതി, സാമൂഹിക - സാമ്പത്തികം തുടങ്ങിയ മേഖലകളിലെ അസമത്വങ്ങളെ അഭിസംബോധന ചെയ്യുന്നതും വ്രണിത വിഭാഗങ്ങളെ (Vulnerable) പൊതുവായും വനിതകളെ സവിശേഷമായും ശാക്തീകരിക്കുന്നതാണ് പങ്കാളിത്ത ആസൂത്രണം.

- നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന തരത്തിൽ സംവാദവും പുതിയ ആശയങ്ങൾ പരിപോഷിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നു. തൽഫലമായി നൂതനത്വവും സമുദായ സങ്കലനവും- നമ്മൾ എന്ന വികാരം രൂപപ്പെടുന്നു. ഗ്രാമീണരുടെ ഉപദേശമോ, മാർഗ്ഗദർശനമൊ ഒന്നും സ്വീകരിക്കാത്ത വിദഗ്ധരും ഉയർന്ന ഉദ്യോഗസ്ഥരും തീരുമാനമെടുത്തുകൊണ്ടിരിക്കുന്ന പ്രതിഭാസമായ മുകളിൽനിന്ന് താഴോട്ട് എന്ന സമീപനത്തിന് പകരം വെക്കുന്നതാണിത്. ദുരിത വിധേയരും അർഹതപ്പെട്ടവരുമായ ജനങ്ങൾ ആസൂത്രണത്തിലും തീരുമാനമെടുക്കുന്നതുമായ ഘട്ടങ്ങളിൽ ബന്ധപ്പെടാത്തതിനാൽ അവർ അപൂർവ്വമായി പ്രചോദിതരാകുന്നു; സാമൂഹിക ഉടമസ്ഥാവകാശം ഒരു പ്രശ്നവുമാകുന്നു. ഒരോ ദിശയിലും കൂടുതൽ ജനവിഭാഗങ്ങളെ ഉൾക്കൊള്ളുന്നതും അവർ നല്കുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതുമായ തന്ത്രമടങ്ങുന്നതാണ് താഴെതട്ടിൽ നിന്നും മുകളിലേക്കുള്ള ആസൂത്രണത്തിലെ പങ്കാളിത്ത സമ്പ്രദായം. (അടിത്തട്ടിൽ നിന്നും പദ്ധതികൾ വികസിപ്പിക്കപ്പെടുകയും അടുത്ത മേൽഘടകത്തിലേക്ക് അവ കൈമാറുകയും ചെയ്യുന്നു. പിന്നീട് ഉന്നതാധികാരികളിൽ അംഗീകാരത്തിനായി എത്തുന്നു. പ്രാദേശിക സമൂഹം പദ്ധതി ആവിഷ്കാര നടപടികളുടെ ഭാഗമാകുന്ന ഈ സമീപനം മൂലം അവർ ഉടമസ്ഥാവകാശം ഏറ്റെടുക്കുകയും പ്രചോദിതരായി പദ്ധതി തങ്ങളുടേതാണെന്ന അവബോധത്തിലെത്തുകയും ചെയ്യും.)

പങ്കാളിത്ത ആസൂത്രണ തത്വങ്ങൾ

താഴെ ചേർക്കുന്ന തത്വങ്ങളിലധിഷ്ഠിതമാണ് പങ്കാളിത്ത ആസൂത്രണം.

- ❖ സജീവശ്രദ്ധ
- ❖ സാമൂഹിക അവബോധവും പരസ്പര ധാരണയും
- ❖ സമവായം ഉണ്ടാക്കൽ
- ❖ പങ്കാളിത്തരൂപം (Partnership)
- ❖ സമൂഹത്തിന്റെ ഉടമസ്ഥാവകാശം
- ❖ സംവാദത്തിലധിഷ്ഠിതം
- ❖ സന്ദർഭോചിതം (Contextual)
- ❖ ജനപങ്കാളിത്തമുള്ളത്
- ❖ ദ്വിമാർഗ്ഗ മാതൃക (Two way model)
- ❖ അപഗ്രഥനാത്മകം (Analytical)
- ❖ നിർബോധവല്ക്കരണം (Reversal of Learning)

പങ്കാളിത്ത ആസൂത്രണത്തിന്റെ ആവശ്യകതയും പ്രാധാന്യവും

a) **ഹ്രസ്വകാല**-ദീർഘകാല ഇടപെടലുകളുമായുള്ള ദുരിതങ്ങൾ (vulnerable) പേറുന്നവരെ സംരക്ഷിക്കാനുള്ള സർക്കാരോ ഫണ്ടിംഗ് ഏജൻസികളൊ ഏറ്റെടുക്കുന്ന ഏതെങ്കിലും വികസന പരിപാടികളിലുള്ള ഇടപെടലുകൾ) ബന്ധങ്ങൾ - ഉദാഹരണത്തിന് വനിതകളുടെയും കുട്ടികളുടെയും പോഷണവും ആരോഗ്യപദവിയും പരിഗണിക്കുന്ന പോഷകാഹാരം, ആരോഗ്യവും ശൈശവ (പൂർവ്വ) പരിചരണവും വിദ്യാഭ്യാസവും (ECCE) എന്നീ സംയോജിത ശിശുവികസന പദ്ധതി (ICDS).

b) **ദുരിതബാധ** കുറക്കാനാവശ്യമായ മുഖ്യപരിപാടികൾക്ക് മുൻഗണനാക്രമം നൽകുന്നു- ഉദാഹരണമായി നിരന്തരമായ പോഷകാഹാരവും ആരോഗ്യസംബന്ധിയായ സേവനങ്ങളും ICDSലൂടെ പ്രദാനം ചെയ്തുകൊണ്ട് ശിശുക്കളിലെ ന്യൂനപോഷണം കുറക്കുന്നു.

c) **പ്രാദേശിക പിൻതുണ** നൽകുന്നു - സ്ത്രീകൾക്കും കുട്ടികൾക്കും നല്ല പോഷകാഹാരവും ആരോഗ്യ പിന്തുണയും നല്കാൻ, ഭക്ഷ്യ സഹായം പൂരകമാക്കാൻ സ്വയം സഹായ സംഘങ്ങൾ, ആശ (ASHA), AHMS തുടങ്ങിയ പ്രധാന പ്രവർത്തകരെ കണ്ടെത്തുന്നു.

d) **സ്ത്രീകളെയും** പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗങ്ങളേയും **ശാക്തീകരിക്കുന്നു**

ദുരിതബാധിതരെയോ വ്രണിതവിഭാഗങ്ങളെയോ (the affected persons or vulnerable groups) ചർച്ചയിലും തെരഞ്ഞെടുപ്പിലും നിർവ്വഹണത്തിലും അവരുടെ ദുരന്ത ബാധ്യത കുറക്കുന്ന ആനുകൂല്യങ്ങൾ നല്കുന്നതിലും ഉൾപ്പെടുമ്പോൾ അവർ ശക്തരായി എന്ന തോന്നൽ ഉളവാക്കുന്നു.

e) **വിഭവ വിതരണത്തിന് പ്രാപ്തരാക്കുന്നു/ ഉറപ്പു വരുത്തുന്നു**– മാനദണ്ഡമനുസരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് ഏറ്റവും ഉന്നതമായ, സാധ്യമായ നിലവാരമനുസരിച്ച് മുടക്കമില്ലാതെ, ഗുണമേന്മയുള്ള പോഷണ സേവനം പ്രദാനം ചെയ്യുന്നു.

പങ്കാളിത്തത്തിന്റെ സൂചകോപദേശം (Typology of participation)

ദുരിതവിധേയത്വം (Vulnerability) കുറക്കുന്നതിനും വിഭവപാലനത്തിനായി അവയുടെ മേലുള്ള നിയന്ത്രണം നേടുന്നതിനുമുള്ള രൂപകല്പന, ആസൂത്രണം, ഇടപെടലിന്റെ നിർവ്വഹണം എന്നീ വ്യത്യസ്തതരത്തിലുള്ള പങ്കാളിത്തത്തിന്റെ രൂപരേഖ നല്കുകയുണ്ടായി.

a. **നിഷ്ക്രിയ പങ്കാളിത്തം (Passive participation)** – ജനങ്ങളുടെ പ്രതികരണം കേൾക്കാതെ എന്താണ് നടക്കാൻ പോവുന്നത് അല്ലെങ്കിൽ നടന്നത് എന്ന് പറയുന്നതിൽ ജനങ്ങൾ പങ്കെടുക്കുക. അവർക്കായി ചിട്ടപ്പെടുത്തിയതോ അവതരിപ്പിക്കപ്പെടുന്നതോ ആയ ഇടപെടലുകൾ നിർജ്ജീവമായി കേൾക്കുന്നവരോ സ്വീകരിക്കുന്നവരോ ആയിരിക്കും ഗ്രാമീണർ.

b. **വിവരങ്ങൾ നല്കുന്നതുവഴിയുള്ള പങ്കാളിത്തം** – ഗവേഷകർ/ബാഹ്യ ഏജൻസികൾ/ വികസന പങ്കാളികൾ ചോദിക്കുന്ന ചോദ്യാവലികൾക്കും സർവ്വെക്കും മറുപടി നല്കികൊണ്ട് ജനങ്ങൾ പങ്കാളികളാകാറുണ്ട്. ഗവേഷണങ്ങളുടെയും സർവ്വേകളുടെയും കണ്ടെത്തലുകൾ കൃത്യതക്കായി സമൂഹവുമായി ഒരിക്കലും പങ്കുവെക്കുകയോ പരിശോധിക്കപ്പെടുകയോ ചെയ്യാറില്ല. സമുദായാംഗങ്ങൾ നല്കിയ പ്രതിസ്പന്ദങ്ങൾക്ക് തുടർച്ചയും ഉണ്ടാകാറില്ല.

c. **കൂടിയാലോചനകളിലൂടെയുള്ള പങ്കാളിത്തം** – ജനങ്ങളുമായി കൂടിയാലോചന നടത്തി അവരുടെ അഭിപ്രായങ്ങൾ പുറമെ നിന്നുള്ളവർ കേൾക്കുന്നു. ജനങ്ങളുടെ പ്രതികരണങ്ങൾക്കനുസൃതമായി വിദഗ്ധർ/അധികാരികൾ ജനങ്ങളുടെ പ്രശ്നങ്ങൾ അപഗ്രഥിക്കുകയും പരിഹാരമാർഗ്ഗങ്ങൾ പ്രദാനം ചെയ്യുകയും തന്ത്രങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്യുന്നു. എന്നിരുന്നാലും തീരുമാനമെടുക്കാനുള്ള അവസരം ജനതക്കില്ല.

d. **ഭൌതിക പ്രോത്സാഹനങ്ങളിലൂടെയുള്ള പങ്കാളിത്തം** – ഭക്ഷണത്തിനൊ പണത്തിനൊ പകരം അധ്വാനം നല്കുക. ഉദാ: വിഭവങ്ങൾ കൊടുക്കുന്നതിലൂടെ ജനങ്ങളെ ഭാഗഭാഗാക്കുന്നു.

e. **പ്രവർത്തന പങ്കാളിത്തം** – പദ്ധതി രൂപപ്പെടുത്തുന്നതിന് മുമ്പുള്ള ആദ്യഘട്ടത്തിലല്ലാതെ വൈകിയ വേളയിൽ ജനങ്ങളുടെയൊ സാമൂഹിക സംഘടനകളുടെയൊ ഭാഗഭാഗിത്വം സംഭവിക്കുന്നു. അവരുടെ പങ്കിനെകുറിച്ച് സമൂഹാംഗങ്ങൾ ഒരിക്കലും അറിയുന്നതേയില്ല.

f. **പ്രതികരണാത്മക പങ്കാളിത്തം** – കർമ്മപദ്ധതി തയ്യാറാക്കൽ, പ്രാദേശിക സ്ഥാപനങ്ങളുടെ രൂപീകരണവും ശാക്തീകരണവും എന്നിവയിൽ ജനങ്ങൾ പങ്കാളികളാവുന്നു.

g. **സ്വയം സജ്ജരാകൽ (self-mobilisation)** – ഈ സംവിധാനത്തെ മാറ്റുന്നതിനായി വ്യക്തിപരമായി മുൻകൈ എടുത്തുകൊണ്ട് പൊതുജനം പങ്കെടുക്കുന്നു. അവർക്കാവശ്യമായ വിഭവങ്ങൾക്കും ഉപദേശങ്ങൾക്കുമായി പുറം സംഘടനകളുമായി അവർ ബന്ധങ്ങൾ വികസിപ്പിക്കുന്നു. എന്നാൽ എങ്ങിനെ വിഭവം വിനിയോഗിക്കണമെന്നതിന്റെ നിയന്ത്രണം നിലനിറുത്തുന്നു. അങ്ങനെയുള്ള സ്വയംഭൂവായതും കൂട്ടായ്മയിലുള്ളതുമായ സമൂഹത്തിന്റെ നടപടി സമ്പത്തിന്റെയും അധികാര ത്തിന്റെയും അസമമായ വിതരണം ലഘൂകരിക്കുന്നതിന് സഹായിക്കുന്നു.

സജീവമല്ലാത്ത പങ്കാളിത്തത്തിൽ നിന്നും സ്വന്തമായ ഒരുക്കത്തിലേക്ക് മുന്നേറുമ്പോൾ ബാഹ്യ-പ്രാദേശിക ജനങ്ങളുടെ നിയന്ത്രണമാറ്റം മുകളിലെ ഗ്രാഫ് ചിത്രീകരിക്കുന്നു. ക്രിയാത്മകമല്ലാത്ത പങ്കുചേരലിൽ ആവശ്യങ്ങളിലും വിഭവങ്ങളിലും തീരുമാനമെടുക്കുന്നതിലും തദ്ദേശവാസികളുടെ നിയന്ത്രണം പ്രത്യക്ഷമല്ല. അതിനാൽ പ്രാദേശിക ജനങ്ങളെ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രക്രിയയായി സ്വയം തയ്യാറാകൽ വീക്ഷിക്കപ്പെടുന്നു. അതുവഴി ആവശ്യങ്ങൾ, വിഭവങ്ങൾ, സ്വന്തം ജീവിതത്തിനായി അവരെടുക്കുന്ന തീരുമാനങ്ങൾ എന്നിവയിൽ അവർക്ക് കൂടുതൽ നിയന്ത്രണം ലഭിക്കുന്നു.

ആസൂത്രണത്തിലെ ജനപങ്കാളിത്തത്തിന്റെ നേട്ടങ്ങൾ

അതേ സമൂഹത്തിലെ അംഗങ്ങളുടെ സക്രിയ പങ്കുചേരലിലൂടെ സാമൂഹ്യപ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും അതിനുള്ള പരിഹാരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സഹായകരമായ സമീപനവും രീതിശാസ്ത്രവുമാണ് പങ്കാളിത്തത്തിലൂടെയുള്ള ആസൂത്രണം. യാഥാർത്ഥ്യത്തിലധിഷ്ഠിതമായി പ്രാദേശിക ജനതക്ക് സാമൂഹിക പദ്ധതികൾ/വികസന പ്രവർത്തനങ്ങൾ കണ്ടെത്താൻ, തയ്യാറാക്കാൻ, മെനഞ്ഞെടുക്കാൻ ഈ സമ്പ്രദായം സഹായകരമായി വർത്തിക്കുന്നു. ഇത് കേവലം സാമൂഹിക '**കൂടിയാലോചന**' യുടെ രീതിശാസ്ത്രം മാത്രമല്ല; ആസൂത്രണ പ്രക്രിയയുടെ മുഖ്യകേന്ദ്രത്തിലേക്കുള്ള അവരുടെ സംഭാവനകൾ കൊണ്ടുവരലുമാണ്. ചുരുക്കത്തിൽ ഏറ്റവും പാവപ്പെട്ടവരെ/ ദുരിതബാധിതരെ/ആക്രമണ വിധേയരാകുന്നവരെ ആദ്യമായി ആസൂത്രണ പ്രക്രിയയിൽ എത്തിക്കുന്ന ജനകേന്ദ്രീകൃത രീതിയുമാണ്.

വികസന പരിപാടികൾ ആസൂത്രണം ചെയ്യുമ്പോഴുള്ള ജനപങ്കാളിത്തത്തിന്റെ നേട്ടങ്ങൾ താഴെ പറയുന്നവയാണ്.

- **കാര്യക്ഷമത** – നിലവിലുള്ള വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഒത്തിരി പ്രവർത്തനങ്ങളിൽ പ്രാദേശിക ജനത ഉത്തരവാദിത്വം ഏറ്റെടുക്കുന്നതും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
- **ഫലപ്രാപ്തി** – ലക്ഷ്യങ്ങൾ തീരുമാനിക്കുന്നതിൽ, തന്ത്രങ്ങൾ രൂപകല്പന ചെയ്യുന്നതിൽ, പ്രോജക്ട് നടപ്പിലാക്കുന്നതിൽ, വിഭവ വിനിയോഗത്തിന്റെ സ്വാധീനം വിലയിരുത്തുന്നതിൽ ഒക്കെ കൂടുതൽ പറയാനുള്ള അവസരമൊരുക്കി ജനതയുടെ ഭാഗഭാഗിത്വം പദ്ധതിയുടെ ഗുണഫലം വർധമാനമാക്കുന്നു.
- **സ്വാശ്രയത്വം** – സർക്കാരിന്റെ പല വികസന പരിപാടികളും ആശ്രിതത്വ മനോഭാവം വളർത്തുകയും നിസ്സാര കാര്യങ്ങൾക്കുപോലും ഗവണ്മെന്റിൽ നിന്നുള്ള പരിഹാരത്തിനായി കാത്തിരിക്കുകയും ചെയ്യും. ഒരിടത്തെ ആളുകൾ എടുക്കുന്ന തീരുമാനത്തിനെ ആധാരമാക്കി മാനവിക-ഭൌതിക വിഭവങ്ങൾ വിനിയോഗിക്കുന്നത് സുസ്ഥിരതക്കായുള്ള പ്രാദേശിക സമൂഹത്തിന്റെ സജീവ സാന്നിധ്യം യാഥാർത്ഥ്യമാക്കാൻ വഴിതെളിക്കും.
- **വ്യാപനം (Coverage)** – നിലവിലുള്ള പരിപാടികളുടെ പ്രയോജനം പറ്റുന്ന ഗുണഭോക്താക്കളുടെ കാര്യക്ഷമത നല്ലവണ്ണം തിരിച്ചറിയുന്നത് ഉറപ്പാക്കും. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവർക്കായുള്ള സാധനങ്ങൾ/സേവനങ്ങൾ ഉപയോഗിക്കുന്നതിനും ഇത് ഗ്രാമീണരെ പ്രാപ്തരാക്കുന്നു.
- **സ്ഥായിത്വം (Sustainability)** – ഗവൺമെന്റോ ഫണ്ടിംഗ് സംഘടനകളൊ ആണ് സാധാരണയായി വികസന പരിപാടികൾക്ക് സാമ്പത്തിക സഹായം നല്കുന്നത്. പണം നൽകുന്ന ഏജൻസി/വികസന പദ്ധതികൾക്ക് ധനസഹായം നിർത്തലാക്കുന്നതോടെ പദ്ധതിയുടെ തുടർച്ച ഇല്ലാതാകുന്നതായാണ് അനുഭവം. തദ്ദേശവാസികൾ ഭാഗഭാക്കാവുന്നതും,പ്രാദേശിക വിഭവങ്ങളുടെ ഉപയോഗവും പുരോഗതിക്കായുള്ള പരിപാടികൾ തങ്ങളുടേതാണെന്ന തോന്നൽ ഉളവാക്കുവാൻ ഉപകരിക്കും.

സാമ്പ്രദായിക ആസൂത്രണ രീതികളിൽ നിന്നും പങ്കാളിത്തത്തിന്റെ സവിശേഷതകളും നേട്ടങ്ങളും

- സാഹചര്യം മനസ്സിലാക്കാനും അവരുടെ പ്രശ്നങ്ങൾ പരിഹൃതമാക്കാനും അവരുടെ അവകാശങ്ങളെയും സ്ഥാപനപേരുകളെയും (Entitlement) കുറിച്ച് അവബോധമുണർത്താനും സമൂഹത്തെ തയ്യാറാക്കുന്നു.
- പദ്ധതികൾ മെനഞ്ഞെടുക്കാനും പ്രാദേശിക വികസന ഇടപെടലുകൾ നടത്താനുമുള്ള സാധ്യത ജനങ്ങളെ അറിയിക്കുന്നതുവഴി ഒന്നിച്ചും ഒറ്റക്കുമുള്ള വികസനാവശ്യങ്ങൾ അവർ തിരിച്ചറിയുന്നു.
- മാനദണ്ഡങ്ങൾ അഥവാ ആനുകൂല്യങ്ങൾ ഏതുവരെയാകാം എന്നുള്ള മാനകങ്ങൾ, ചെലവിന്റെ കാര്യക്ഷമത, മുൻഗണന നിശ്ചയിക്കൽ തുടങ്ങിയ കാര്യങ്ങളിൽ കൂട്ടായ തീരുമാനത്തിലെത്തി ചേരുന്നു.
- എളുപ്പത്തിൽ പ്രാപ്യമായതും മനസ്സിലാക്കാവുന്നതുമായ സങ്കേതങ്ങൾ (techniques) ഉപയോഗിച്ച് മഹത്തരമായ ഉൾപ്പെടുത്തലുകൾ (inclusiveness–ഉൾക്കൊള്ളേണ്ട ദുർബലവിഭാഗങ്ങൾ) പ്രോത്സാഹിപ്പിക്കുന്നു.
- ഓരോ വീക്ഷണവും കേൾക്കപ്പെടാനുള്ള സാധ്യതയൊരുക്കി സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങൾ തമ്മിലുള്ള വിശ്വാസവും ധാരണയും വളർത്തിയെടുക്കും.
- എല്ലാവർക്കും കൂട്ടായി തീരുമാനമെടുക്കുന്നതിൽ ബന്ധപ്പെടാനാകുന്നതു വഴി ഉയർന്ന തോതിലുള്ള സുതാര്യത പരിപോഷിപ്പിക്കുന്നു. എല്ലാ അംഗങ്ങൾക്കും (വികസന) നിർദ്ദേശങ്ങളെപ്പറ്റി പ്രതികരിക്കാനും വിമർശിക്കാനും ഭേദഗതി ചെയ്യാനുമുള്ള അവസരമൊരുക്കുകയും ചെയ്യുന്നു.
- സമൂഹത്തിനുള്ളിലുള്ള അധികാര അന്തരങ്ങൾ (power differentials) അംഗീകരിക്കുകയും ഏറ്റവും അവസാനത്തവന്റെ അഭിപ്രായം ആദ്യം കേൾക്കുകയും (അന്ത്യോദയ) പദ്ധതികൾ തയ്യാറാക്കപ്പെടുമ്പോഴും മുൻഗണന നിശ്ചയിക്കപ്പെടുമ്പോഴും ഈ ശബ്ദങ്ങൾ പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നു.
- ഇത് കേവലം കാഴ്ചക്കാരായി നിൽക്കുന്ന പ്രക്രിയ മാത്രമല്ല നടപ്പിലാക്കുന്നതിലും മേൽനോട്ടത്തിലും ഉയർന്ന തോതിലുള്ള പങ്കാളിത്തത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.
- പദ്ധതി രൂപീകരണ പ്രക്രിയക്കപ്പുറത്തേക്കുള്ള വൈഭവങ്ങളിലേക്ക് ഇത് നയിക്കുന്നു. ചുരുക്കത്തിൽ യോഗങ്ങൾ നടത്തുക, സ്ഥിതി വിവര കണക്കുകൾ അപഗ്രഥിക്കുക, തന്ത്രപരമായ പദ്ധതികൾ തയ്യാറാക്കുക എന്നീ കാര്യങ്ങൾ ജനങ്ങൾ പഠിച്ച് സമൂഹത്തിലെ ആർ.പി.മാർ (Resource Person) നേതാക്കളായി മാറുന്നു.
- ഒരു ന്യൂന പക്ഷത്തിൽ നിന്നും സമൂഹത്തിലെ ഭൂരിപക്ഷത്തിലേക്ക് വികസനത്തിന്റെ നിയന്ത്രണം മാറുകയും ഉടമസ്ഥാവകാശം സാധിക്കുകയും ചെയ്യും.
- കൂട്ടായ തീരുമാനമെടുക്കൽ പ്രക്രിയയിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്നതിനാൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വിശ്വസനീയത വർധിക്കുന്നു.
  (അവലംബം : IPPE മാന്വൽ, പഞ്ചായത്ത് രാജ് മന്ത്രാലയം)

MGNREGAയുടെ പങ്കാളിത്ത ആസൂത്രണത്തിനുള്ള വിട്ടുവീഴ്ചയില്ലാത്ത തത്വങ്ങൾ

- വിശദീകരണങ്ങളും ജനങ്ങളുടെ അനുമതിയും ആവശ്യപ്പെട്ടുകൊണ്ടാണ് അവരുമായുള്ള പ്രക്രിയക്ക് തുടക്കം കുറിക്കേണ്ടത്.
- സമൂഹത്തിലെ ഓരോ വിഭാഗങ്ങളുടെയും പ്രാദേശിക സന്ദർഭമനുസരിച്ച് സമയവും നടപടിയും (pace) ക്രമീകരിക്കണം.
- പ്രാദേശികമായി നിർവ്വചിക്കപ്പെട്ടിട്ടുള്ള പ്രായം, ലിംഗം, ക്ഷേമസ്ഥിതി, വംശീയത, മതം, ജാതി, ഭാഷ മുതലായ വിഭിന്ന കാഴ്ചപ്പാടുകൾ വ്യത്യസ്ത വിഭാഗങ്ങൾക്കുണ്ടെന്ന് അംഗീകരിക്കുക.
- പൊതു സമൂഹത്തിന്റെ അല്ലെങ്കിൽ ഗ്രാമീണരുടെ എല്ലാ അറിവും അനുഭവവും അംഗീകരിക്കപ്പെടണം.
- ഫെസിലിറ്റേറ്റർ ടീം ആസൂത്രണ പ്രക്രിയ പഠിക്കാനുള്ള ഒരവസരമായി എടുക്കണം.

- MGNREGA (മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി) ആസൂത്രണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ സംബന്ധിച്ച് തുറന്ന മനഃസ്ഥിതിയും സത്യസന്ധതയും സുതാര്യതയും ഉണ്ടായിരിക്കുക.
- പദ്ധതി രൂപീകരണ പരിപാടി നടക്കുമ്പോൾ ഇടപെടാതെ, പരദൂഷണങ്ങൾ നടത്താതെ, നല്ല ശ്രദ്ധാലുവായ ഒരു ശ്രോതാവായിരിക്കുക.
- പ്രാദേശിക ജനങ്ങളാണ് വിവരങ്ങൾ നല്കുന്നത് എന്ന വസ്തുത ആദരിച്ചുകൊണ്ട് വിവരങ്ങൾ രേഖപ്പെടുത്താനും നീക്കംചെയ്യാനും ഉപയോഗിക്കാനും അവരോട് അനുവാദം ചോദിക്കണം. സാധ്യമാകുമ്പോൾ അസ്സൽ ഡയഗ്രാമുകളും റിപ്പോർട്ടുകളുടെ പകർപ്പുകളും സമൂഹത്തിൽതന്നെ നിലനിറുത്തണം.
- കൊളുത്ത് (stick) കൈമാറി കൊണ്ട്, അതായത് മുൻകൈകളും ഉത്തരവാദിത്വവും മറ്റുള്ളവരിലേക്ക് പകർന്നുകൊണ്ട്.

പങ്കാളിത്ത ആസൂത്രണം നടത്താനുള്ള ചുവടുവെയ്പ്പുകൾ

1. **സമൂഹത്തെക്കുറിച്ചും അവരുടെ വിഭവങ്ങളെക്കുറിച്ചും മനസ്സിലാക്കുക**
   ഭൂമിശാസ്ത്രപരമായ അതിരുകൾ, കൃഷിഭൂമി, നീർത്തട സംവിധാനം, പ്രളയം, മണ്ണിടിച്ചിൽ എന്നീ ദുരന്ത സാധ്യതകൾ, സമൂഹത്തിന്റെ ആന്തരഘടന അതായത് വീടുകൾ, ജലസ്രോതസ്സുകൾ, വിദ്യാലയങ്ങൾ മുതലായവ ഇതിൽ ഉൾപ്പെടുന്നു.
2. **പ്രശ്നങ്ങൾ വിലയിരുത്തലും പരിഹാരം കണ്ടെത്തലും**
   ഒരു സമൂഹത്തിന്റെ കാഴ്ചപ്പാടിലൂടെ ദുരിത വിധേയത്വം, പ്രവണതകൾ, ദുരന്ത സാമീപ്യങ്ങൾ, സാമ്പത്തിക പദവി, വിജയ തന്ത്രങ്ങൾ, ലക്ഷ്യവിഭാഗങ്ങൾ എന്നീ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെടുന്നു. ജനങ്ങൾ ജീവിക്കുന്ന സാഹചര്യത്തോട് അവരുടെ പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരങ്ങൾ, അവസരങ്ങൾ എന്നിവ ബന്ധപ്പെടുത്താനും മൂർത്തമായ കർമ്മ പരിപാടി വികസിപ്പിച്ചെടുക്കാനുമുള്ള അവസരമൊരുക്കാൻ ഇത് പ്രാപ്തമാക്കുന്നു.
3. **പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുക, ആവിഷ്കരിക്കുക**
   സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ ഇടപെടലുകളും പ്രതികരണ സംവിധാനങ്ങളും രൂപപ്പെടുത്തി കൊണ്ട് പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നു.
4. **സഹവർത്തിത്വം ഉണ്ടാക്കിയെടുക്കുക**
   പ്രശ്നങ്ങൾ കണ്ടെത്തി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന തരത്തിൽ വിവിധ വകുപ്പുകളുടെ പൂരക പ്രവർത്തനങ്ങൾ പരസ്പരം പ്രബലപ്പെടുത്തുക.
5. **പദ്ധതി രൂപപ്പെടുത്തുന്നു**
   അവസാനമായി യഥാർത്ഥമായ പദ്ധതിയോടെ ലക്ഷ്യങ്ങൾ നിശ്ചയിക്കപ്പെടുന്നു. തല്പര കക്ഷികൾ ഓരോരുത്തരും എന്തു പിന്തുണയാണ് നല്കുന്നതെന്നും സമൂഹത്തിന്റെ സംഭാവന (സ്വയം സഹായം) എന്തെന്നും പ്രവർത്തനകലണ്ടറും ബജറ്റും നിർവ്വഹണ മാപ്പും ദൃശ്യവൽക്കരിക്കാനും പുരോഗതി കണ്ടെത്താനുമായി പ്ലാനിൽ ഉൾകൊള്ളിക്കുന്നു.

ജനങ്ങളുടെ പങ്കാളിത്തം പുറത്തേക്കു കൊണ്ടുവരുന്നതിനുള്ള ഉപാധികൾ

മാതൃയോഗവും സമൂഹയോഗവും – സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം, വിദ്യാഭ്യാസം, വരുമാന സൃഷ്ടി, ജീവിത നൈപുണിവിദ്യാഭ്യാസം മുതലായ മേഖലകളിൽ ആഗ്രഹിക്കപ്പെടുന്ന സ്വഭാവമാറ്റം പ്രോത്സാഹിപ്പിക്കുന്നതിന് സ്ത്രീകളിലും മറ്റു പാർശ്വവൽകൃത വിഭാഗങ്ങളിലും എത്തിച്ചേരുന്നതിനുള്ള വളരെ ഉപകാരപ്രദവും ശക്തവുമായ തന്ത്രമാണ് യോഗങ്ങളുടെ സംഘാടനം.സ്ത്രീകളെ കാര്യങ്ങൾ അറിയിക്കുവാനം പ്രബോധനത്തിനും ശാക്തീകരിക്കുന്നതിനും സമൂഹത്തിന്റെ /അമ്മമാരുടെ യോഗങ്ങൾ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ഇത്തരം യോഗങ്ങൾ വളരെ മോശമായി സംഘടിപ്പിക്കുകയും നടത്തുകയും ചെയ്താൽ പങ്കാളിത്ത ആസൂത്രണത്തിന്റെ പ്രാധാന്യം നഷ്ടപ്പെടും.

സാമൂഹ്യതലത്തിൽ ആവശ്യങ്ങളുടെ അപഗ്രഥനം നടത്തിയതുപ്രകാരം യോഗം നടത്തുമ്പോൾ, ഉരുത്തിരിഞ്ഞു വന്ന ആവശ്യങ്ങളെക്കുറിച്ച് സ്പഷ്ടതയുണ്ടായിരിക്കണം. ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പൌരസമൂഹത്തെ സഹായിക്കുന്ന സമകാലീന വിവരങ്ങളാലും കരഗതമായ തന്ത്രങ്ങളാലും നിങ്ങൾ സജ്ജരാകുകയും പ്രശ്നങ്ങളിൽ തയ്യാറായിരിക്കുകയും വേണം. മീറ്റിംഗിന് കൃത്യമായ കാര്യപരിപാടി ഉണ്ടാകണം.

ഭവന സന്ദർശനം

സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന പ്രശ്നങ്ങൾ, പ്രയാസങ്ങൾ തിരിച്ചറിയാനും ആവശ്യമായ മേൽത്തട്ടു സേവനങ്ങൾ പ്രദാനം ചെയ്യാനും ഗൃഹസന്ദർശനം നമ്മെ പ്രാപ്തരാക്കും. വീടുകളിൽ ഒരിക്കൽ പോകുന്നത് കൂടുതൽ പ്രതീകാത്മകവും സ്വീകാര്യക്ഷമതയുള്ളതുമാകയാൽ അത് ഗുണഭോക്താക്കളെയും അവരുടെ കുടുംബാംഗങ്ങളെയും പ്രചോദിപ്പിക്കുന്നു. ആയതിനാൽ അമ്മ/ അംഗങ്ങൾക്ക് അധികം തിരക്കില്ലാത്തപ്പോഴും വിശ്രമവേളകളിലും വീടുകൾ സന്ദർശിക്കുന്നതായിരിക്കും ഏറ്റവും നല്ലത്.

PLA (Participatory Learning and Action) ഉപയോഗിക്കുന്നതിന്റെ സങ്കേതങ്ങൾ

അവരുടെ പ്രശ്നങ്ങളും സാഹചര്യങ്ങളും വിലയിരുത്താനും അപഗ്രഥിക്കാനും മാത്രമല്ല വ്യവച്ഛേദത്തിന്റെയും ആസൂത്രണത്തിന്റെയും നടപടികൾക്കപ്പുറത്തേക്ക് നീങ്ങുന്നതിന് ഇത് ജനങ്ങളെ സഹായിക്കും.
പ്രത്യേക സമുദായത്തോടൊപ്പം വ്യാപൃതരായി അവരെ കുറിച്ച് പഠിക്കാനുള്ള സമീപനമാണ് പങ്കാളിത്ത പഠനവും പ്രവർത്തനവും(PLA). കൂട്ടായ(വിദഗ്ധരും സമൂഹത്തിലെ ആളുകളും) അപഗ്രഥനത്തിനും പഠനത്തിനും സൌകര്യമൊരുക്കുന്ന പങ്കാളിത്തത്തിന്റെയും ദൃശ്യരീതികളുടെയും സംയോജനമാണിത്. ജനങ്ങളുടെ ആവശ്യങ്ങൾ തിരിച്ചറിയാനും, പരിപാടി ആവിഷ്കരിക്കാനും പരിപാടിയുടെ ദിശാഗതി നിയന്ത്രണ, മൂല്യനിർണ്ണയങ്ങൾക്കും ഈ സമീപനം പ്രയോജനപ്പെടുത്തുന്നു. ഗ്രാമീണ ദരിദ്രരുടെ ഗ്രഹണശേഷിയെ പുറത്തേക്കു കൊണ്ടുവരാനും തങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളുടെ സ്വഭാവവും കാരണങ്ങളെയും മാത്രമല്ല യാഥാർത്ഥ്യ ബോധത്തോടെയുള്ള പരിഹാരങ്ങൾ രൂപപെടുത്തുന്നതിനും അവരുടെ ആശയങ്ങളുടെ കെട്ടഴിക്കാനും PLA വളരെയേറെ ഫലപ്രദമാണ്.

ഭൂപടങ്ങൾ (Maps)

പ്രവർത്തനങ്ങളെ ചിത്രപ്പെടുത്തൽ (Mapping) പ്രാഥമിക പ്രവൃത്തികളായി പലപ്പോഴും ഉപയോഗിക്കപ്പെടുന്നു. തങ്ങൾ അധിവസിക്കുന്ന അയൽപക്ക പ്രദേശങ്ങളെ അവർ എങ്ങനെ നോക്കി കാണുന്നു. ലഭ്യമായ വിവരങ്ങൾ, സൌകര്യങ്ങൾ, അവരുടെ ചുറ്റുപാടുകളിൽ അവർക്ക് പ്രധാനപ്പെട്ടതെന്ത് തുടങ്ങിയവ കാണിച്ചു തരാനും അവയെക്കുറിച്ച് പറയാനും ഇത് ജനങ്ങളെ അനുവദിക്കുന്നു. തദ്ദേശീയരുടെ വീക്ഷണത്തിലൂടെ സമൂഹത്തെ കാണാൻ പുറമെ നിന്നുള്ളവരെ മാപ്പുകൾ കഴിവുള്ളവരാക്കുന്നു. വ്യത്യസ്ത തരത്തിലുള്ള മാപ്പുകളുണ്ട്. സമൂഹ വിഭവങ്ങളുടെയും ജാതി, വീടുകൾ മുതലായ പ്രാദേശിക സമൂഹസംഘടനയുടെയും ചിത്രങ്ങളുടെ പ്രതിരൂപമാണ് മാപ്പുകൾ. പ്രദേശ നിവാസികൾ തയ്യാറാക്കുന്നതിനാൽ ഭൂപടങ്ങൾ കൃത്യമായ തോതിലാവുകയില്ല. താരതമ്യാനുസൃത തയ്യാറാക്കുന്നതിനാൽ ഭൂപടങ്ങൾ കൃത്യമായ തോതിലാകുകയില്ല. താരതമ്യാനുസൃത പ്രദേശങ്ങളെയും ഒരു സ്ഥലത്തുള്ള വിഭിന്ന വിഭവങ്ങളുടെ പ്രാധാന്യവും തിരിച്ചറിയാനുമാണ് മാപ്പുകൾ ഉപയോഗപ്പെടുത്തുന്നത്.

സാമൂഹ്യഭൂപടം (Social Map)

ഒരു പ്രദേശത്തെ വാസഗൃഹങ്ങളുടെ പ്ലാനും കണ്ടെത്തിയ സ്ഥാപനങ്ങളും സൌകര്യങ്ങളും സൂചിപ്പിച്ചുകൊണ്ട് അവിടത്തെ താമസക്കാർ വരക്കുന്ന ഒന്നാണ് സോഷ്യൽ മാപ്പ്. വീട്ടുകാർ തമ്മിലുള്ള സാമൂഹിക-സാമ്പത്തിക വ്യത്യാസങ്ങളെ മനസ്സിലാക്കാൻ ഇത് നമ്മെ സഹായിക്കുന്നു. ഗ്രാമത്തിന്റെ രൂപരേഖ, അടിസ്ഥാന ഘടന, ജനസംഖ്യ, സാമൂഹ്യ വിന്യാസം, ആരോഗ്യ കാര്യങ്ങൾ, പോഷണകുറവുള്ള കുട്ടികൾ, വിധവകൾ മുതലായ വിവരങ്ങൾ അവതരിപ്പിക്കാൻ സോഷ്യൽമാപ്പ് പ്രയോജനപ്പെടുത്തുന്നു.

പ്രതീകങ്ങൾ അല്ലെങ്കിൽ നിറങ്ങൾ കൊടുത്തു കൊണ്ട് ദുരിത വിധേയരാകാവുന്ന വിഭാഗങ്ങളെക്കുറിച്ച് അറിവ് നൽകുന്ന, ഒരിടത്തെ പലതരത്തിലുള്ള വീട്ടുകാരെ സംബന്ധിച്ച് ഗ്രാമ/ചെറുഗ്രാമ (ചേരി)/ വാർഡ് തല വിവരങ്ങൾ സാമൂഹ്യ ഭൂപടം അവതരിപ്പിക്കുന്നു. ഇത് വീട്ടുകളെ തരംതിരിക്കുകയും ദുരന്തവിധേയരാകാവുന്ന വീട്ടുകാരെ (SC, ST, സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ, ഭിന്നശേഷി കുടുംബങ്ങൾ, മറ്റു വിഭാഗങ്ങൾ എന്നിവർ) വേർതിരിച്ച് രേഖപ്പെടുത്തുകയും ചെയ്യുന്നു.

വിഭവ ഭൂപടം (Resource Map)

ഒരിടത്തെ പ്രകൃതി വിഭവങ്ങളെ റിസോഴ്സ് മാപ്പ് കേന്ദ്രീകരിച്ച് കാണിക്കുകയും ഭൂമി, കുന്നുകൾ, പുഴകൾ, റോഡുകൾ വയലുകൾ, ഹരിത ഘടന, സ്ഥാപനങ്ങൾ തുടങ്ങിയവ ചിത്രീകരിക്കുകയും ചെയ്യുന്നു; അതുപോലെ തന്നെ ജനവാസ മേഖലയെയും. വിദഗ്ധരായവരല്ല പ്രാദേശിക ജനങ്ങളാലാണ് എന്നതിലാൽ വിഭവഭൂപടം വരക്കപ്പെടുന്നത് തോത് (scale) അനുസരിച്ചല്ല. പ്രകൃതി വിഭവങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തം ഇടങ്ങളെ ജനങ്ങൾ എങ്ങനെ വീക്ഷിക്കുന്നുവെന്ന് റിസോഴ്സ് മാപ്പ് കാണിച്ചു തരുന്നു. പ്രശ്നങ്ങളെ വിവേചിച്ചറിയാനും പരിഹാരങ്ങളെ നോക്കികാണാനും പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും പ്രയോജനപ്രദം. പ്രകൃതി വിഭവങ്ങൾ, അവയുടെ ഉടമസ്ഥാപകാശവും ഉപയോഗവും എന്നിവയെക്കുറിച്ച് ഗ്രാമീണരിൽ ചർച്ചയ്ക്ക് തുടക്കം കുറിക്കാൻ ഈ ഭൂപടം ഉപയോഗിക്കപ്പെടുന്നു.

Chapati Diagram

വ്യക്തികളും ഗ്രൂപ്പുകളും തമ്മിലുള്ള പങ്കുകളും ബന്ധങ്ങളും ചേർച്ചകളും (link) ആരായുന്നതിന് ഇത് ഉപയോഗിക്കാൻ കഴിയും. സമൂഹത്തിലെ പ്രശ്നങ്ങൾ അപഗ്രഥിക്കുമ്പോൾ ലക്ഷ്യ വിഭാഗം (Target Group) അനുഭവിച്ച പ്രശ്നങ്ങളുടെ വ്യാപ്തി മനസ്സിലാക്കാൻ EWA താഴെ കൊടുക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കണം. ഈ ചോദ്യങ്ങൾ വഴി ഒരാൾക്ക് സമൂഹത്തിലെ അംഗങ്ങളുമായി പ്രതികരിച്ചു കൊണ്ട് പരിഹാരങ്ങൾ തന്ത്രപരമായി ആസൂത്രണം ചെയ്യാം.

ചോദ്യങ്ങൾ ചുവടെ.

1. പ്രശ്നബാധിതർ ആരാണ് ?
2. എങ്ങനെയാണ് അവരെ ബാധിച്ചിട്ടുള്ളത് ?
3. അവർ എന്താണ് ചെയ്തത്?
4. അവർ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ?
5. ആരിൽ നിന്ന് എന്ത് പിന്തുണയാണ് അവർ പ്രതീക്ഷിക്കുന്നത് ?
6. അവരുടെ പങ്കും സംഭാവനകളും എന്താണ്?
7. പ്രശ്നങ്ങൾ എത്രത്തോളം നേരത്തെ പരിഹരിക്കണമെന്നാണ് അവർ ആഗ്രഹിക്കുന്നത്?

കാലൗചിത്യ രേഖാചിത്രം (Seasonality Diagram)

വർഷം മുഴുവനുമുള്ള, കാലാകാലങ്ങളിലെ മഴ പെയ്യുന്നതിന്റെ ഘടനകൾ, തൊഴിൽ/വരുമാനം/ചെലവ്, രോഗങ്ങൾ, മൃഗസമ്പത്ത്, ഉല്പാദനം, തൊഴിൽശക്തിയുടെ ലഭ്യത, തദ്ദേശീയരുടെ വിളമുറകൾ എന്നിവ ലഭിക്കുന്നതിന് കാലഘട്ടാനുസൃത രേഖാചിത്രം (Seasonality Diagram) ഉപയോഗിക്കാം. മാസങ്ങളും കാലങ്ങളും വിവരിച്ചുകൊണ്ടുള്ള ഒരു കലണ്ടർ ഉണ്ടാക്കികൊണ്ട് കാലാനുസൃതത്വ (Seasonality) ചർച്ച അർത്ഥപൂർണ്ണമാക്കാനാകും.

സീസണാലിറ്റി ഡയഗ്രം എങ്ങനെ ഉണ്ടാക്കാം

- സീസണാലിറ്റി മാപ്പിന്റെ ഉദ്ദേശ്യം അവതരിപ്പിക്കുക.
- ഒരു വർഷത്തെ തദ്ദേശവാസികൾ എങ്ങനെ വിഭജിക്കുന്നുവെന്ന് പങ്കെടുക്കുന്നവരോട് ചോദിക്കുക.
- തദ്ദേശീയ, കാലാനുസൃത ഇനങ്ങളെ പ്രതിഫലിക്കുന്നില്ലെങ്കിൽ പാശ്ചാത്യകലണ്ടർ അവരെ കെട്ടിയേല്പിക്കരുത്.
- മാറികൊണ്ടിരിക്കുന്ന ഘടകങ്ങളായ കൃഷി, വേതനാടിസ്ഥാനത്തിലുള്ള തൊഴിൽ, കുടിയേറ്റം, MGNREGA പ്രവൃത്തി, വനവിഭവങ്ങൾ മുതലായവ ഇടതുവശത്ത് വരുന്നു.
- പ്രതീകങ്ങളൊ ഉപാധികളൊ (objects) വരച്ചത് ഉപയോഗിച്ച് മാറിവരുന്ന ഒരു പ്രത്യേക ഘടകത്തിൽ ശ്രദ്ധയൂന്നി, അതിന്റെ പ്ലാൻ തയ്യാറാക്കാൻ ജനങ്ങളെ പ്രാത്സാഹിപ്പിക്കുക. ഉദാഹരണത്തിന് തൊഴിൽ ആവശ്യകത, തിരക്കു കുറഞ്ഞ നാല് മാസങ്ങളെ നിർണ്ണയിക്കുക, തീരെ തൊഴിൽ കുറഞ്ഞ കാലം, ഏറ്റവും തിരക്കേറിയ മാസം എന്നിങ്ങനെയുള്ള ചോദ്യങ്ങൾ.
- കലണ്ടർ തറയിൽ തയ്യാറാക്കി കഴിഞ്ഞാൽ, പ്രതീകങ്ങൾക്കും വിഭവങ്ങൾക്കും ധാരാളം സ്ഥലം ഉണ്ടായിരിക്കും.

സമൂഹത്തിന് പ്രശ്ന വിശകലന ഘടന രൂപീകരിക്കാൻ, വിഭവ ഭൂപടം, സാമൂഹ്യ ഭൂപടം, സീസണാലിറ്റി ഡയഗ്രം, chapati diagram തുടങ്ങിയ മേൽചൊന്ന സങ്കേതങ്ങൾ ഉപയോഗപ്പെടുത്താം.

പഞ്ചായത്തിന്റെ വിഭവ സ്രോതസ്സുകൾ

ഗ്രാമപഞ്ചായത്തിന്റെ ആദായ ഉറവിടങ്ങളെ വിശാലമായ ചില ശീർഷകങ്ങളാക്കി വേർതിരിക്കാം. ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ സ്വന്തം ഫണ്ടുണ്ട്. പല വഴികളിൽ നിന്നും പണം എത്തിചേരുകയും അത് ഈ ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നോ ജില്ല പഞ്ചായത്ത് അല്ലെങ്കിൽ പഞ്ചായത്ത് സമിതിയിൽ നിന്നോ ഗ്രാന്റായും ധനം വന്നു ചേരുന്നു. കേന്ദ്ര -സംസ്ഥാന ഗവണ്മെന്റുകളിൽ നിന്നോ മറ്റു ധനകാര്യ ഏജൻസികളിൽ നിന്നോ കടം എടുക്കുന്നതും പഞ്ചായത്തിന്റെ മറ്റൊരു ധനസമ്പാദന മാർഗ്ഗമാണ്. ഗ്രാമ പഞ്ചായത്തിനുള്ള ഫണ്ടിംഗിന്റെ പല കൈവഴികൾ ചുവടെ ചേർക്കുന്നു-

- കേന്ദ്രാവിഷ്കൃത പദ്ധതികൾ
- സംസ്ഥാനാവിഷ്കൃത പദ്ധതികൾ
- (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസബിലിറ്റി ഫണ്ടുകൾ-CSR, NRO- സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റുകൾ, അല്ലെങ്കിൽ സംഭാവന നല്കുന്ന വ്യക്തികൾ തുടങ്ങിയ) മറ്റു ഗ്രാന്റുകൾ
- ഗ്രാമപഞ്ചായത്തിന്റെ സ്വന്തം വരുമാനം-നികുതികൾ, യൂസർ ഫീ മുതലായവ.

  രണ്ടു തരത്തിലുള്ളതാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ഗ്രാമ പഞ്ചായത്തിനുള്ള ഫണ്ടുകളുടെ അലോട്ട്മെന്റ്.

നിബന്ധനയുള്ളതും നിബന്ധന ഇല്ലാത്തതുമായ ഫണ്ടുകൾ (Tied Funds and Untied Funds)

പ്രധാനമായും കേന്ദ്രത്തിലേയും സംസ്ഥാനത്തിലേയും സർക്കാർ സ്കീമുകൾ നടപ്പിലാക്കാനുള്ളതും പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കാനാവുന്നതുമാണ് സോപാധിക ഫണ്ടുകൾ (Tied Funds). അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ നിർവ്വഹിക്കാനുദ്ദേശിച്ചുള്ളവയാണ് അൺടൈഡ് ഫണ്ടുകൾ. നഷ്ടപ്പെടുന്ന വിടവുകൾ നികത്താനും അപൂർണ്ണമായ പൊതുആവശ്യ ആസ്തികൾ പൂർത്തീകരിക്കുന്നതിനുമാണ് മുഖ്യമായും ഈ ഫണ്ടുകൾ അനുവദിക്കുന്നത്. ഒരു പ്രദേശത്തെ അനുഭവവേദ്യമായ ആവശ്യങ്ങളെ ആധാരമാക്കി, വികസന സ്വഭാവമുള്ള പ്രവൃത്തികളാകണം നിരുപാധിക ഫണ്ട് (Untied Fund)ൽ ഏറ്റെടുക്കേണ്ടത്.

സംസ്ഥാന ധനകാര്യ കമ്മീഷൻ ഗ്രാന്റ്

പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് (PRIs) കൈമാറേണ്ട ഗ്രാന്റ് തുക സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് ശുപാർശ നല്കുന്നതിനായി എല്ലാ സംസ്ഥാനങ്ങളും സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കേണ്ടത് നിർബന്ധമാണ്. സംസ്ഥാന വികസന ഫണ്ടിന്റെ മൂന്നിലൊന്ന് (1/3) ബജറ്റിൽ വകയിരുത്തികൊണ്ട് പഞ്ചായത്തുകൾക്ക് നല്കേണ്ടതാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുള്ള വികസന ഗ്രാന്റിന്റെ ശതമാനം ഓരോ സംസ്ഥാനത്തും വ്യത്യസ്തമാകും.

സാമൂഹ്യസംഭാവന

പഞ്ചായത്തുകൾക്ക് സംഭാവന നല്കുന്ന വ്യക്തികളും, സർക്കാതിര സംഘടനകളും സാമൂഹിക സംഘടനകളും ഉണ്ട്. അത് പണമോ, സാധനമോ, അധ്വാനമോ ആകാം. ഇത്തരം വിഭവ സമാഹരണത്തിന്റെ എല്ലാ സാധ്യതകളും കണ്ടെത്തുക എന്നത് EWRകളുടെ (Elected Women Representative) ചുമതലയാണ്.

കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (CSR)– പൊതു ജനക്ഷേമത്തിനായി പണം സംഭാവന ചെയ്ത് സാമൂഹിക ഉത്തരവാദിത്വം നിറവേറ്റുക എന്നത് കോർപ്പറേറ്റുകളുടെ നിർബന്ധിത ചുമതലയാണ്. പഞ്ചായത്തുകൾ ഇതുവരെ ഈ സ്രോതസ്സ് പൂർണ്ണമായി പ്രയോജനപ്പെടുത്തിയിട്ടില്ല. പഞ്ചായത്തുകൾക്ക് ഉപയോഗിക്കാവുന്ന നല്ലൊരു വിഭവ സ്രോതസ്സാണിത്. അതിനായി തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ (ERs) കോർപ്പറേറ്റുകളെ പ്രേരിപ്പിക്കാനുള്ള മുൻകൈ എടുക്കേണ്ടതുണ്ട്.

തനതു വരുമാന സ്രോതസ്സുകൾ

നികുതികൾ, ഫീസുകൾ തുടങ്ങിയവ വഴി വരുമാനം വർധിപ്പിക്കുന്നതിനും ഭരണഘടന– PRI (പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ)ക്ക് അധികാരം നല്കിയിട്ടുണ്ട്. അവരുടെ ചുമതലകൾ നിറവേറ്റാൻ പൂർണ്ണമായും കേന്ദ്ര–സംസ്ഥാന സർക്കാരുകളെയോ മറ്റു ഫണ്ടിംഗ് ഏജൻസികളെയോ ആശ്രയിക്കേണ്ടതില്ല. പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മറ്റുവഴികളിലൂടെ അവരുടെ വിഭവങ്ങൾ വർധിപ്പിക്കാൻ കഴിയും.

- **നികുതികൾ:** പഞ്ചായത്തിലെ സാധാരണ നികുതികൾ ഇവയാണ് – കെട്ടിട നികുതി അഥവാ വസ്തുനികുതി, തൊഴിൽക്കരം, വിനോദനികുതി, സ്റ്റാമ്പ് ഡ്യൂട്ടിയിലുള്ള സർചാർജ്, ചന്തയിൽ വില്ക്കപ്പെടുന്ന സാധനങ്ങളിന്മേലുള്ള നികുതി, സാമൂഹ്യസേവന നികുതി, വെള്ളക്കരം മുതലായവ. പ്രാദേശിക നികുതികളിലും, നിരക്കുകളിലും ശേഖരിക്കുന്ന തലത്തിലും സംസ്ഥാനങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. മറ്റു പല ഫീസുകൾ, ആസ്തികൾ എന്നിവയിലൂടെയും പഞ്ചായത്തുകൾ വരുമാനം സൃഷ്ടിക്കാറുണ്ട്.
- **ഫീസുകൾ:** യൂസർ ഫീസ്, അപേക്ഷ ഫീസ്, രജിസ്ട്രേഷൻ ഫീസ്, കമ്പോള ഫീസ് തുടങ്ങിയവ.

കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർ, ജില്ല പഞ്ചായത്ത് അഥവാ പഞ്ചായത്ത് സമിതി എന്നിവിടങ്ങളിൽ നിന്ന് ഗ്രാന്റ്–ഇൻ–എയ്ഡ് ആയും പണം എത്തുന്നു. കേന്ദ്ര ഗവർണ്മെന്റ്, സംസ്ഥാന ഗവൺമെന്റ് അല്ലെങ്കിൽ മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുക്കുന്ന കടങ്ങൾ പഞ്ചായത്തിന്റെ മറ്റൊരു സമ്പാദ്യ മാർഗ്ഗമാണ്. സമ്മാനങ്ങൾ എന്ന നിലയിൽ ശേഖരിക്കപ്പെടുന്ന പണവും ചിലപ്പോൾ പഞ്ചായത്തിന്റെ ധനസമ്പാദന സ്രോതസ്സായി മാറുന്നു. അതിലുപരി സംസ്ഥാന സർക്കാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട അതിന്റെ അധികാര പരിധിയിലുള്ള വിവിധ വിനോദ ഉപാധികൾക്ക് പ്രവേശന നികുതിയിന്മേലുള്ള അധിക സ്റ്റാമ്പ് ഡ്യൂട്ടിയ്ക്കോ, വസ്തു കൈമാറ്റത്തിനും, പണയപ്പെടുത്തുന്നതിനും ലീസിന് (വാടകക്ക്) കൊടുക്കുന്നതിനുമുള്ള ഉപനികുതിയ്ക്കോ ആവശ്യമായ നിയമങ്ങൾ ഏർപ്പെടുത്തുന്നു.

ഭാഗം 2

ആസ്തികളുടെ സൃഷ്ടിയും മരാമത്തുപണികളുടെ മോണിറ്ററിംങ്ങും (ദിശാഗതി നിയന്ത്രണം)

ബാധ്യതകളെ ആസ്തികളാക്കിയും പ്രശ്നങ്ങളെ പരിഹാരങ്ങളാക്കിയും മാറ്റുന്നതിനും പ്രാദേശിക സാമ്പത്തിക വികസനത്തെ പിന്തുണക്കുന്ന സ്ഥായിയായ സാമൂഹ്യ പ്രവർത്തനത്തിനുള്ള അടിത്തറ വികസിപ്പിക്കുന്നതിനും പ്രാദേശിക ജനതയുടെ ക്രിയാത്മകതയും പ്രതിജ്ഞാബദ്ധതയും സജ്ജമാക്കുന്നതിനുള്ള കഴിവ് സമൂഹത്തിനുണ്ട്. അപകട സമയത്തും/ദുരന്തങ്ങളിലും അവ ഫലപ്രദമായി പ്രയോജനപ്പെടുത്താനാകും. സേവനങ്ങൾ ആരെ ഉദ്ദേശിച്ചുള്ളതാണോ അതവരിൽ എത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്താനുള്ള മുഖ്യ തന്ത്രമാണ് മരാമത്ത് പ്രവൃത്തികളുടെ സാമൂഹ്യാധിഷ്ഠിത മോണ്റ്ററിംഗ് (CBM). സേവനങ്ങൾ നിർവ്വഹിക്കുന്നതിലെ വിടവുകളെ അഭിസംബോധന ചെയ്യാനും കീഴ്ത്തട്ടിലെ സുതാര്യത വർധിപ്പിക്കാനും CBMന് കഴിയും. സമൂഹം നയിക്കുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രധാന ഘടകമായി ഇത് കാണപ്പെടുന്നു.

ഗ്രാമപ്രദേശങ്ങളിൽ സ്ഥിരമായ ആസ്തി സൃഷ്ടിക്കുന്നതിന്റെ ആവശ്യകതയും പ്രാധാന്യവും

ഗ്രാമീണർ ആസ്തികൾ ഉണ്ടാക്കുകയെന്നത് ഗുണാത്മകമായ ഒരു സമീപനമാണ്. അടിയന്തിരഘട്ടങ്ങളിൽ, അത്യാവശ്യ ഉപയോഗത്തിനായി, സമൂഹത്തിന് വികസിപ്പിക്കാൻ കഴിയുന്ന ആസ്തികളിലുള്ള അവരുടെ ശക്തിയും വിഭവങ്ങളും ഇത് പ്രാധാന്യവല്ക്കരിക്കുന്നു. സമൂഹത്തിന് എങ്ങനെ ഗ്രാമീണ ആസ്തികൾ വികസിപ്പിക്കാമെന്നും അതിന്റെ പരിപൂർണ്ണ നേട്ടങ്ങൾ എടുക്കാമെന്നും സമുദായാംഗങ്ങളെ ഉപദേശിക്കുകയാണ് വികസന പങ്കാളികളുടെ/തദ്ദേശ സ്വയംഭരണ അധികാരികളുടെ പങ്ക്. പ്രാദേശിക ഗുണങ്ങൾക്കായി വികസിപ്പിക്കുകയും മാറ്റാവുന്നതുമായ ധാരാളം വിഭവങ്ങൾ ഗ്രാമങ്ങളിലുണ്ട്.

ഗ്രാമീണ ആസ്തികളുടെ വിശാല വിഭാഗങ്ങൾ

a.ഗ്രാമീണ സാമ്പത്തിക ആസ്തികൾ – വ്യാപാരത്തിനായി കടം കൊടുക്കാൻ സന്നദ്ധമായ സാമ്പത്തിക സ്ഥാപനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഗ്രാമീണ മേഖലകളിൽ വരുമാനവും ജോലികളും സൃഷ്ടിക്കുന്ന സംരംഭകരെ ഗ്രാമീണ സാമ്പത്തിക ആസ്തികൾ വികസിപ്പിച്ചേക്കാം.

b.ആസ്തികൾ – കൃഷിക്കും വനവല്ക്കരണത്തിനും പറ്റിയ കാർഷിക ഉപയോഗങ്ങളെ പിന്തുണക്കുന്ന ഗ്രാമീണ മേഖലകളിലെ ഭൂമിയും ജലസമ്പത്തും പ്രകൃതി വിഭവങ്ങളും. ഗ്രാമീണ പ്രകൃതി ആസ്തികൾക്ക് ഉദാഹരണം – ആഗോള പാരിസ്ഥിതിക ഊർജ്ജ ഉൽകണ്ഠകളെ അഭിസംബോധന ചെയ്യാനുള്ള മുഖ്യ ഘടകം എന്ന നിലയിൽ കാണപ്പെടുന്ന കംമ്പോള മൂല്യം വർധിപ്പിച്ച ജൈവകൃഷി.

c.ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങൾ – സാമൂഹിക വികസനത്തിനാവശ്യമായ അടിത്തറ നല്കുന്നു. ഉദാഹരണത്തിന് പ്രാദേശിക കർഷകരെ സേവിക്കുന്നതിനും വൻകിട ചന്തകളിലെ വലിയ കർഷകരെ ബന്ധപ്പെടുത്താനുമുള്ള റോഡുകളും വൈദ്യുതിയും ഗതാഗത ബന്ധങ്ങളും ചില ഗ്രാമീണ മേഖലകളിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

d.ഗ്രാമീണ ജനങ്ങളുടെ വൈദഗ്ധ്യവും കാര്യക്ഷമതയും കഴിവുകളും – ഗ്രാമീണ സമൂഹത്തിന്റെ ഭാവി വിജയങ്ങൾ സ്ഥാപിക്കപ്പെടുന്ന ആസ്തികളെ ആശ്രയിച്ച് ഉൾപ്രദേശങ്ങളിൽ കഴിയുന്ന സമൂഹത്തിലെ അംഗങ്ങൾ.

അതുപോലെതന്നെ, പൊതുവെയുള്ള വ്യത്യസ്ത സർക്കാർ പരിപാടികളും പ്രത്യേകിച്ച് MGNREGAയും ഗ്രാമങ്ങളിൽ സ്ഥായിയായ ആസ്തികൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ ഊന്നിയിട്ടുണ്ട്. ഉല്പാദനപരമായ ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് MGNREGA സർക്കാരിന് അവസരം നല്കിയിട്ടുണ്ട്. നീർത്തടാധിഷ്ഠിത വികസനം, ടാങ്കുകൾ, കനാലുകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, വനവല്ക്കരണം, ഭൂവികസനം, മണ്ണൊലിപ്പ്, വെള്ളപ്പൊക്ക നിയന്ത്രണം, റോഡു നിർമ്മാണം എന്നിവയെ ലക്ഷ്യമാക്കിയുള്ള പ്രവൃത്തികൾ, വരൾച്ചയെ തടയാനുള്ള മാർഗ്ഗങ്ങളായ വനവല്ക്കരണം തുടങ്ങിയവ പ്രതികൂല സാഹചര്യങ്ങളിലുള്ള പരിപാടികളുടെ സാധ്യത ബോധ്യപ്പെടുത്തും. ഒരു പരിധിവരെ സ്വകാര്യ ഭൂമിയിലുള്ള പരിപാടികൾ (MGNREGA) നിയമം അനുവദിച്ചിട്ടുള്ളതിനാൽ ഒരു ഉൾനാടുകളിലെ സുസ്ഥിര കാർഷിക വികസനത്തിലേക്ക് നയിക്കുന്ന ഗ്രാമീണ ആസ്തികൾ ഗണനീയമായി വർധിപ്പിക്കുന്നു. കാർഷികോല്പാദനം വർധിപ്പിക്കുന്നതുവഴി ഗ്രാമീണ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

MGNREGA ഗ്രാമത്തിലെ പാവപ്പെട്ടവർക്ക് തൊഴിൽ നല്കുക മാത്രമല്ല, ദീർഘകാലത്തേക്ക് ഗ്രാമീണർക്ക് ഉപകാരപ്രദമായ സാമൂഹിക ആസ്തികൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ആക്ടിന്റെ പ്രാഥമിക ഉദ്ദേശ്യം വേതനം ലഭിക്കുന്ന തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കലാണ് അതിന്റെ സഹായക ലക്ഷ്യം. വരൾച്ചപോലെ, വിട്ടുമാറാത്ത ദാരിദ്രത്തിന്റെ കാരണങ്ങളെ അഭിമുഖീകരിക്കുന്ന പ്രവൃത്തികളിലൂടെ, പ്രകൃതി വിഭവ പരിപാലനത്തെ ശക്തിപ്പെടുത്തുകയും അങ്ങനെ സുസ്ഥിര വികസനത്തെ പ്രോത്സാഹിപ്പിക്കുകയുമാണ്. തൊഴിൽ ഉറപ്പ് പ്രയോജനപ്പെടുത്തി ഏറ്റെടുക്കാവുന്നതരം പ്രവൃത്തികൾ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. MGNREGAയ്ക്കു കീഴിൽ ഒൻപത് മുൻഗണനാ പ്രവർത്തന മേഖലകൾ ഉള്ളവയിൽ, ഏഴെണ്ണം ജലം-മണ്ണ് സംരക്ഷണത്തിൽ ഊന്നുന്നവയാണ്. സ്കീമിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് താഴെ പറയുന്ന പ്രവൃത്തികളിലാണ്.

- ജലസംരക്ഷണവും മഴവെള്ളക്കൊയ്ത്തും
- വരൾച്ചാ പ്രതിരോധം (വനവല്ക്കരണവും വൃക്ഷം നടീലും ഉൾപ്പെടെ)
- ജലസേചന കനാലുകൾ (മൈക്രോ, മൈനർ ഇറിഗേഷൻ പ്രവൃത്തികൾ ഉൾപ്പെടെ)
- പട്ടികജാതിക്കാരും പട്ടികവർഗക്കാരുമായ കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ജലസേചന സൌകര്യങ്ങൾ ഏർപ്പെടുത്തുക. അല്ലെങ്കിൽ ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കളുടെ ഭൂമിയിൽ അല്ലെങ്കിൽ ഭാരത സർക്കാരിന്റെ ഇന്ദിര ആവാസ് യോജനയിലെ ഗുണഭോക്താക്കളുടെ ഭൂമിയിൽ.
- പ്രകൃത്യാലുള്ള ജലാശയങ്ങളുടെ നവീകരണവും (കുളങ്ങളിലെ ചെളി നീക്കം ചെയ്യുന്നതുൾപ്പെടെ)
- ഭൂവികസനം
- വെള്ളപ്പൊക്ക നിയന്ത്രണവും സംരക്ഷണ പ്രവർത്തനങ്ങളും (വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ മഴവെള്ള ബഹിർഗമനച്ചാലുകൾ ഉൾപ്പെടെ).
- ഏതു കാലാവസ്ഥയിലും ഗ്രാമപ്രദേശങ്ങളിലേക്ക് എത്താനാകുക.
- രാജീവ് സേവാ കേന്ദ്ര.
- അങ്കണവാടി കേന്ദ്രങ്ങളുടെ നിർമ്മാണം.
- മിനിസ്ട്രി ഓഫി റൂറൽ ഡെവലപ്മെന്റ്(ഗ്രാമ വികസന മന്ത്രാലയം - MoRD) അംഗീകരിച്ച മറ്റ് ഏതു പ്രവൃത്തിയും.

MGNREGAയ്ക്കു കീഴിൽ AWCകൾ സ്ഥാപിക്കൽ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (MGNREGA) 2005 ലക്ഷ്യമിടുന്നത് ആവശ്യപ്പെടുന്ന ഏത് ഗ്രാമീണ കുടുംബത്തിനും അവിദഗ്ധ തൊഴിൽ നൽകാനും ഉല്പാദനക്ഷമമായ സമ്പത്തുകൾ നിർമ്മിക്കുന്നതിന് തൊഴിൽ നൽകാനുമാണ്. ഈ നിയമത്തിനു കീഴിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ പട്ടികയിൽ വിജ്ഞാപനം നമ്പർ S.O 2754(E) തിയതി 2012 നവംബർ 21 പ്രകാരം അങ്കണവാടി കേന്ദ്രങ്ങളുടെ (AWCS) നിർമ്മാണവും അംഗീകരിക്കപ്പെട്ട പ്രവൃത്തിയാണ്. കണ്ടെത്തപ്പെടുന്ന സമ്പത്തുകൾ പ്രാദേശിക ജനതയുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നതാകണമെന്ന് ഉറപ്പുവരുത്താനായി MGNREGA രാജ്യത്തെ ഏറ്റവും പിന്നോക്കമായ 2534 ബ്ലോക്കുകളിൽ ക്രമബദ്ധമായ ആസൂത്രണപ്രക്രിയകൾ നടത്തിവരുന്നു.

ഏകീകൃതമായ പ്രവർത്തനങ്ങൾ

- ICDS സ്കീമുമായി ഒന്നുചേർന്ന് MGNREGAക്കു കീഴിൽ AWC കൾ നിർമ്മിക്കുന്നതിനായി 2016 ഫെബ്രുവരി 17 ന് മാർഗരേഖ പുറത്തിറക്കി. AWCയെ ECCD സെന്റർപോലെ ചലനാത്മകമാക്കാനുള്ള ദൃഢനിശ്ചയത്തോടെ രണ്ട് മന്ത്രാലയങ്ങളും ചേർന്ന് കെട്ടിടങ്ങളില്ലാത്ത ഗ്രാമങ്ങളിൽ നാല് ലക്ഷം AWC കൾ നിർമ്മിക്കുന്നതിന് ആസൂത്രണം ചെയ്തു.

- ICDS, MGNREGA, PRI (പഞ്ചായത്തുകൾ) കളുടെ വിഭവങ്ങൾ എന്നിവയുടെ പ്രത്യേകിച്ച് പതിനാലാമത് ധനകാര്യ കമ്മീഷന്റെ ഗ്രാന്റുമായി സംയോജിപ്പിച്ച് ക്രമബദ്ധമായ ഏകീകരണം ഉണ്ടാക്കാൻ ഇത് ലക്ഷ്യമിടുന്നു. തന്മൂലം MGNREGAക്കു കീഴിൽ ഓരോ AWC ക്കും സ്വന്തം കെട്ടിടം ലഭ്യമാക്കുന്നു.
- അടുത്ത നാല് വർഷത്തേക്ക് ഈ ഏകീകരണത്തിന് കീഴിൽ ഒരു ലക്ഷം അങ്കണവാടി കേന്ദ്രങ്ങൾ നിർമ്മിക്കാനും 2019-ഓടെ നാലുലക്ഷം AWC കളിലെത്തിക്കാനും തീരുമാനിച്ചിട്ടുണ്ട്.
- AWCകൾ വളരെ കുറവുള്ള ബ്ലോക്കുകളിൽ സംസ്ഥാനം/UTS സ്ഥാനങ്ങൾ കണ്ടെത്തണം. ഗ്രാമപഞ്ചായത്തായിരിക്കണം തിരഞ്ഞെടുപ്പ് നടത്തേണ്ടത്. തുടർനടപടികൾക്കായി അത് CDPO കൾക്ക് അയയ്ക്കുകയും വേണം.
- MGNREGAക്കു കീഴിൽ ഉൾപ്പെടുത്തിയ ബ്ലോക്കിനും ഓരോ AWCക്കും സ്വന്തമായ കെട്ടിടം ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- അത്തരം ഏകീകരണത്തിന്റെ ലക്ഷ്യം പ്രീസ്കൂൾ വിദ്യാഭ്യാസം നൽകൽ, പോഷകം, ആരോഗ്യ യൂണിറ്റ്, സെറ്റിൽമെന്റിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന കമ്മ്യൂണിറ്റി സെന്റർ, ഗ്രാമീണ മേഖലകളിൽ ദീർഘകാല സമ്പത്തുകളുടെ സൃഷ്ടി, ഗ്രാമതലത്തിൽ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ, MGNREGA തൊഴിലാളികൾക്ക് ക്രെഷ് സൌകര്യം ഒരുക്കി നൽകൽ, സമൂഹ പങ്കാളിത്തം വർദ്ധിപ്പിക്കൽ, ICDS നടത്തിപ്പിൽ ഗ്രാമപഞ്ചായത്തുകളുടെ പങ്ക് ശക്തിപ്പെടുത്തൽ എന്നിവയാണ്.

വികസനപങ്കാളികളേയും പദ്ധതി നിർവ്വഹണ ഏജൻസികളേയും നയരൂപീകരണക്കാരേയും മറ്റുള്ളവരേയും സംബന്ധിച്ച് വിവിധ തലങ്ങളിൽ പദ്ധതി നിർവ്വഹണം കാണുന്നതും ഏതു വികസന പദ്ധതിയും മോണിറ്ററിംങ് ചെയ്യുന്നതും ഏറെ ആവശ്യമാണ്. ഫീൽഡിൽ നിന്ന് പഠിക്കാനും സേവനപ്രദാന സംവിധാനം മെച്ചപ്പെടുത്താനും വിഭവങ്ങൾ അഭിലഷണീയമായ ലക്ഷ്യങ്ങൾ നേടാനും മോണിറ്ററിങ് സഹായിക്കുന്നു.

ഐ സി ഡി എസ് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ അളവ് നോക്കുമ്പോൾ, നിലവിലുള്ള മോണിറ്ററിംങ് സമ്പ്രദായങ്ങൾ ഏറ്റവും അനുകൂലമായ പ്രകടനത്തിന്റെ സൂചകങ്ങൾ നേടാൻ അപര്യാപ്തമാണ്. അതുകൊണ്ടു തന്നെ, പ്രാദേശിക ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മോണിറ്ററിങ്ങിന് പരമപ്രധാനമായ സാംഗത്യമുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ (ഏപ്രിൽ 1993) 74-ാം മത് ഭേദഗതി, വികസന പരിപാടികളുടെ മോണിറ്ററിങ്ങ് വലിയൊരളവുവരെ സമൂഹ അടിസ്ഥാനത്തിലാക്കാനുള്ള സർക്കാരിന്റെ പരിശ്രമങ്ങളെ ആവർത്തിച്ചുറപ്പിക്കുന്നതാണ്.

സമൂഹ അടിസ്ഥാനത്തിലുള്ള മോണിറ്ററിംങ് (CBM)

- സമൂഹത്തിൽ പരിപാടിയുടെ ഫലപ്രാപ്തി വിലയിരുത്താനായി നിരന്തരമായ തുടർപരിപാടി നടത്തുന്ന പ്രക്രിയയാണിത്. നിലവിലുള്ള വിഭവങ്ങൾവെച്ച്, നഷ്ടോത്തരവാദിത്വ (accountability)വും സാമൂഹിക സേവനങ്ങളുടെ ഗുണാത്മകതയും വർദ്ധിപ്പിക്കാനുള്ള വിക്ഷണത്തോടെ, പ്രാദേശിക ആവശ്യങ്ങളും മൂല്യങ്ങളും വിലയിരുത്താനായി സമൂഹത്താൽത്തന്നെ വിലയിരുത്തൽ നടത്തിക്കുന്നതുമാണ്.
- പ്രത്യക്ഷമായോ, പരോക്ഷമായോ ബാധിക്കപ്പെടുന്ന സമൂഹഅംഗങ്ങളെ പ്രാപ്യമാക്കാനും ലഭ്യമാക്കാനും ആവശ്യങ്ങൾ നേടാനും. സമൂഹത്തിൽ മാറ്റമുണ്ടാക്കാൻ പദ്ധതി നിർവ്വഹണം നടത്തുന്ന ഡിപ്പാർട്ടുമെന്റിന്/ ഓർഗനൈസേഷന് നിർദ്ദേശങ്ങളും പ്രതികരണങ്ങളും നൽകാനും CBM (Community Based Monitoring) അവസരം നൽകുന്നു.
- വാഗ്ദാനം ചെയ്യപ്പെടുന്ന സേവനങ്ങളും വ്യാപ്തിയും ഗുണവും പരിശോധിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതി നിർവ്വഹണത്തിന്റെ കാലാകാലങ്ങളിലുള്ള തുടർപരിപാടികളുടെ പ്രക്രിയയാണത്. പ്രാദേശിക ജനതയുടെ ആവശ്യങ്ങളിൽ പദ്ധതിക്കുള്ള ഫലപ്രാപ്തി അല്ലെങ്കിൽ സ്വാധീനത്തിന്റെ അളവുകൂടി അത് നോക്കിക്കാണുന്നു.
- പദ്ധതികളുടെ ലക്ഷ്യങ്ങൾ നേടുന്നതിലുള്ള തടസ്സങ്ങൾ (constraints)/വിഷമങ്ങൾ മുതലായവ കണ്ടുപിടിക്കാനും, സമൂഹത്തെ ശാക്തീകരിക്കാനുമായി തുടർന്നും ആവശ്യമായ സാമൂഹിക ഇടപെടലുകൾ നിർദ്ദേശിക്കാനും EWRകളെ CBM കഴിവുള്ളതാക്കുന്നു.

- പദ്ധതിയുടെ സ്വഭാവം, ലക്ഷ്യമിടുന്ന വിഭാഗങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ഓരോ മൂന്നുമാസത്തിലോ, അർദ്ധവാർഷികമായോ, വാർഷികമായോ EWRന് ആനുകാലിക മോണിറ്ററിങ് (Periodical monitoring) നടത്താവുന്നതാണ്.
- ഉയർന്ന ഗുണമേന്മയുള്ള സേവനം ലഭ്യമാക്കാൻ അനുയോജ്യമായ വിവരം ഉരുത്തിരിയിക്കുക മാത്രമല്ല, പ്രാദേശികമായി തീരുമാനമെടുക്കൽ, പൊതുവിദ്യാഭ്യാസം, സമൂഹത്തിന്റെ പ്രാപ്തി, പ്രാദേശിക ഭരണത്തിൽ ഫലപ്രദമായ പൊതുജന പങ്കാളിത്തം എന്നിവ ശക്തിപ്പെടുത്തുന്നതുകൂടി CBM ലക്ഷ്യമിടുന്നു.

CBMന്റെ പ്രയോജനം

- പ്രാദേശിക തലത്തിലെ പ്രശ്നങ്ങളേയും അവയുടെ തീവ്രതയും വിലയിരുത്തുകയും പരിശോധിക്കുക/ മനസ്സിലാക്കുകയും ചെയ്യുക.
- ലക്ഷ്യമിടുന്ന പദ്ധതികളുടെ അർഹമായ ഗുണഭോക്താക്കളെ കണ്ടെത്തുക.
- പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി അനുയോജ്യമായ രൂപരേഖകളും പദ്ധതികളും ചിട്ടപ്പെടുത്തുക/നിർദ്ദേശിക്കുക.
- വിഭവങ്ങൾ ലഭ്യമാക്കുന്നതിനും ഉപയോഗത്തിനും അടിസ്ഥാന തത്ത്വങ്ങൾ
- സമൂഹത്തിൽ പദ്ധതികളുടെ സ്വാധീനം മോണിറ്റർ ചെയ്യുകയും വിലയിരുത്തുകയും ചെയ്യുക.

പബ്ലിക്ക് വർക്കിന്റെ CBM എങ്ങനെ നടത്തണം

- ക്രമബന്ധമായ രീതിയിലായിരിക്കണം CBM നടത്തേണ്ടത്. സമൂഹാധിഷ്ഠിത മോണിറ്ററിങ്ങിന് വ്യത്യസ്ത ഘട്ടങ്ങളുണ്ട്. ഘട്ടങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത് -
  - പ്രവർത്തനങ്ങൾ നിർവ്വചിക്കൽ
  - ലക്ഷ്യമിടുന്ന ജനങ്ങളെ നിർവ്വചിക്കൽ
  - മോണിറ്ററിങ്ങിനുള്ള സൂചികകളെ നിർവ്വചിക്കൽ

- വിഭവങ്ങളുടെ ലഭ്യത - ആവശ്യമായ സമയപരിധിക്കുള്ളിൽ വിഭവങ്ങൾ ലഭ്യമായോ?
- സേവനങ്ങളുടെ സാമീപ്യം - സേവനം ജനങ്ങളിൽ എത്ര ശതമാനത്തിന് സമീപസ്ഥമാണെന്നത്.
- സേവനങ്ങളുടെ ഉപയോഗപ്പെടുത്തൽ- കുറഞ്ഞത് ഒരിക്കലെങ്കിലും സേവനം ഉപയോഗ പ്പെടുത്തിയിട്ടുള്ള, ലക്ഷ്യമിട്ടിരുന്ന ജനങ്ങളുടെ ശതമാനം യഥാർത്ഥ സമയത്ത് പ്രതിഫലിപ്പിക്കുന്നത്.
- ഫലപ്രദമായ ഉൾപ്പെടുത്തൽ-ഗുണപരമായ മാർഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പ്രകാരം സേവനങ്ങൾ സ്വീകരിക്കുന്ന ലക്ഷ്യ ജനതയുടെ ശതമാനം.

ലക്ഷ്യ ജനതയിൽ പ്രവർത്തന ഇടപെടലുകളുടെ സ്വാധീനം മനസ്സിലാക്കാനായി പ്രദേശം, ലിംഗം, സാമൂഹിക-സാമ്പത്തിക വിഭാഗം, പ്രായം, വംശീയത, മറ്റു വ്യത്യസ്തകൾ എന്നിവയാൽ പബ്ലിക്ക് വർക്ക് ഡാറ്റ തരംതിരിക്കാവുന്നതാണ്. സമൂഹ യോഗ മോണിറ്ററിങ്ങ് ഉദ്യമങ്ങൾ ചെയ്യാറുള്ളതിനാലും ഫലങ്ങൾ പുതുക്കപ്പെടാറുള്ളതിനാലും പ്രാദേശികതല ആസൂത്രണത്തിന് സ്ഥിതി വിവരക്കണക്കുകൾ വളരെ ഉപയോഗപ്രദമാണ്.

- പ്രാദേശിക അധികൃതരും സമൂഹവും യോജിച്ച പ്രവർത്തിക്കുകയും തെളിവിൽ അധിഷ്ഠിതമായ വിശകലനത്താൽ നയിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമാണ് ദരിദ്രരെ ശാക്തീകരിക്കാനും ഉയർത്തിക്കൊണ്ടുവരാനുമുള്ള ഏറ്റവും മികച്ച നയങ്ങളുടെ തിരഞ്ഞെടുപ്പുകൾക്ക് അവർക്ക് കഴിയു എന്ന് അനുമാനിക്കപ്പെട്ടിരിക്കുന്നു.
- അതുകൊണ്ടുതന്നെ, ഈ വീക്ഷണത്തിൽനിന്നു നോക്കുമ്പോൾ, തീരുമാനമെടുക്കുന്ന പ്രക്രിയയിൽ സമൂഹത്തിന്റെ ശബ്ദം ഉയർത്തുന്നതിലും ഫലപ്രദമായ പൊതുജനപങ്കാളിത്തവും നഷ്ടോത്തര വാദിത്വവും ഉറപ്പാക്കുന്നതിലും CBMന് ശക്തമായ കഴിവുണ്ടെന്നതും വാസ്തവമാണ്.

ICDS ന്റെ കീഴിലെ മോണിറ്ററിങ് സംവിധാനം ശക്തിപ്പെടുത്തൽ

ICDSലെ മോണിറ്ററിങ്-മേൽനോട്ട സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഭാരത സർക്കാരിന്റെ വനിത/ശിശു വികസന മന്ത്രാലയം (MWCD) നിരവധി മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. MWCDയുടെ എഫ് നം.16-3/2004 എംഇ (pt) തിയതി 22.10.2010 സർക്കുലറിലൂടെ AWCകളിലേക്ക് സൂപ്പർവിഷൻ - മോണിറ്ററിങ് സന്ദർശനങ്ങൾ എല്ലാതലങ്ങളിലുമുള്ള അധികൃതർ നിർദ്ദേശിക്കുകയും AWCകളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് PRIകളുടെകൂടി പങ്കാളിത്തം വേണമെന്നും നിർദ്ദേശിക്കുന്നു. AWCകളുടെ സേവനങ്ങൾ ഗുണപരമായി ലഭ്യമാക്കുന്നത് ശക്തിപ്പെടുത്തുന്നതിനായി MWCD,GO, FNo.16-8/2010ME തിയതി 31.03.2011 സർക്കുലറിലൂടെ, കേന്ദ്രതലം മുതൽ തുടങ്ങി AWC വരെ അഞ്ച് തട്ടുള്ള മോണിറ്ററിംങ് - അവലോകന സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. ICDS ന്റെ നിർവ്വഹണങ്ങളിലുണ്ടായ പുരോഗതി അവലോകനം ചെയ്യുന്നതിനും ലൈൻ ഡിപ്പാർട്ടുമെന്റുകളുമായുള്ള ഏകോപനം (convergence) ശക്തിപ്പെടുത്തുന്നതിനും വേണ്ടിയാണിത്.

അഞ്ച് തട്ടുകളുള്ള മോണിറ്ററിങ് -അവലോകന സംവിധാനങ്ങൾ

- നാഷണൽ ലെവൽ മോണിറ്ററിങ് & റിവ്യൂ കമ്മിറ്റി (NLMRC)
- സ്റ്റേറ്റ് ലെവൽ മോണിറ്ററിങ് & റിവ്യൂ കമ്മിറ്റി (SLMRC)
- ഡിസ്ട്രിക്റ്റ് ലെവൽ മോണിറ്ററിങ് & റിവ്യൂ കമ്മിറ്റി (DLMRC)
- ബ്ലോക്ക് ലെവൽ മോണിറ്ററിങ് കമ്മിറ്റി (BLMRC)
- അങ്കണവാടി തല മോണിറ്ററിങ് & സപ്പോർട്ട് കമ്മിറ്റി (ALMSC)

ഇപ്പോഴത്തെ സെഷനിൽ അങ്കണവാടി തല മോണിറ്ററിംഗ് ആന്റ് സപ്പോർട്ട് കമ്മിറ്റി (എ എൽ. എം.എസ്.സി) മാത്രമാണ്.

എ എൽ എം എസ് സി യുടെ ഘടന

ഗ്രാമപഞ്ചായത്ത്/വാർഡ് അംഗം (വനിതാ അംഗത്തിന് മുൻഗണന)	ചെയർപേഴ്സൺ
മഹിളാ മണ്ഡൽ (2 അംഗങ്ങൾ ഒരാൾക്കു ശേഷം മറ്റെയാൾ എന്ന നിലയ്ക്ക്)	അംഗം
ആശ	അംഗം
സമൂഹാടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങളുടെ പ്രതിനിധി (2)	അംഗം
സമൂഹം (അങ്കണവാടിയിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾ/അധ്യാപകർ/വിരമിച്ച ഗവണ്മെന്റ് ഉദ്യോഗസ്ഥർ)(3)	അംഗം
SABLA പരിപാടിയിൽ sakhi ഉണ്ടെങ്കിൽ	അംഗം
AWW (അങ്കണവാടി വർക്കർ)	കൺവീനർ

(അങ്കണവാടി/പ്രസ്തുത തലം/വാർഡ്/ചേരിയിൽ വിവിധ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനായി കമ്മറ്റി മാസം തോറും കൃത്യമായി മീറ്റിങ്ങുകൾ വിളിച്ചു ചേർക്കേണ്ടതും മീറ്റിങ്ങിന്റെ മിനിറ്റ്സ് രേഖപ്പെടുത്തേണ്ടതുമാണ്. യോഗ അറിയിപ്പിന്റെ ഒരു പകർപ്പ് CDPOയ്ക്ക് അയയ്ക്കാവുന്നതും LHV/ANM സൂപ്പർവൈസർമാരെ മീറ്റിങ്ങിൽ പങ്കെടുക്കാൻ ക്ഷണിക്കാവുന്നതുമാണ്.)

ഐ സി ഡി എസിന്റെ മോണിറ്ററിങ്ങിൽ (ദിശാഗതി നിയന്ത്രണം) ALMSC യുടെ പങ്ക്

- AW പ്രദേശങ്ങളിലെ പ്രശ്നങ്ങളേക്കുറിച്ച് ചർച്ച ചെയ്യുന്നതിന് കമ്മിറ്റി മാസം തോറും മീറ്റിങ്ങുകൾ നടത്തേണ്ടതാണ്.
- AWCകളുടെ (അങ്കണവാടി കേന്ദ്രം) പ്രവർത്തനത്തിന്റെ കൃത്യത (regularity) പരിശോധിക്കുക.
- സർവ്വേപ്രകാരമുള്ള അർഹരായ എല്ലാ ഗുണഭോക്താക്കളേയും ഉൾപ്പെടുത്തിയതായി ഉറപ്പ് വരുത്തുക.
- മാസത്തിൽ കുറഞ്ഞത് 21 ദിവസമെങ്കിലും SN ലഭിക്കുന്നുണ്ടെന്ന് വിലയിരുത്തുക.
- കുട്ടികളുടെ പോഷക നിലവാരം (0-3 വയസ്സ് & 3-6 വയസ്സ്), കുട്ടികളുടെ തൂക്കം, വളർച്ചാചാർട്ടിന്റെ ലഭ്യത, വെയിങ്ങ് മെഷീനുകൾ, MCP കാർഡ്, ശരാശരിയും അപകടകരമാംവിധം തൂക്കക്കുറവുള്ള വരുമായ കുട്ടികളുടെ എണ്ണവും സ്വീകരിച്ച നടപടികളും വിലയിരുത്തുക.
- ദൈനംദിന PSE പ്രവർത്തനങ്ങൾ, പ്രാദേശിക TLM ന്റെ ഉപയോഗങ്ങളും മാതാപിതാക്കളുടെ പങ്കാളിത്തവും, മാതാപിതാക്കളുടെ സംഗമവും സ്ഥിരമായി മാസംതോറുമുള്ള ECCE ദിനവും സംഘടിപ്പിക്കൽ എന്നിവ മോണിറ്റർ ചെയ്യുക.
- VHSE മീറ്റിങ്ങിൽ AWW (അങ്കണവാടി വർക്കർ) കളുടെ പങ്കാളിത്തം ഉറപ്പാക്കുക.
- VHNDയിൽ ഒരംഗത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുക: AWW, ആശ, ANM.
- ഓരോ AWCകളിലും ലഭ്യമായ സൌകര്യങ്ങൾ വിലയിരുത്തുക.
- ഉപയോഗിക്കുന്ന എല്ലാ ഭക്ഷ്യവസ്തുക്കളും സ്വീകരിച്ചതിനെക്കുറിച്ച് അവലോകനം ചെയ്യുക.
- നിശ്ചിതകാലയളവിൽ AWCകൾ സന്ദർശിക്കുകയും AWCകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി സമൂഹത്തിലെ മറ്റ് അംഗങ്ങളുമായി പരസ്പരം പ്രവർത്തനം നടത്തുകയും ചെയ്യുക.
- AWW/AWCയുമായി ബന്ധപ്പെട്ട ഏതു പ്രാദേശിക തർക്കങ്ങളിലും ബന്ധപ്പെടുകയും അത് രമ്യമായി പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുക.
- പ്രാദേശിക പ്രശ്നങ്ങളോ, അഭാവങ്ങളോ ഉണ്ടെങ്കിൽ മനസ്സിലാക്കാനായി AWWയുമായും സൂപ്പർ വൈസർമാരുമായും സമ്പർക്കം പുലർത്തുകയും അവ CDPO മാർക്ക് റിപ്പോർട്ടു നല്കുകയും ചെയ്യുക.

ICDS നു കീഴിലെ മോണിറ്ററിങ്, വിലയിരുത്തൽ, മൂല്യനിർണയം

AWC കൾ/ഗ്രാമം/ബ്ലോക്ക്, ജില്ല, സംസ്ഥാനം, കേന്ദ്രം എന്നിവ പോലെ എല്ലാ തലങ്ങളിലും input, output, outcome സൂചികകൾ മാനകരീതിയിൽ വ്യക്തമായി നിർവ്വചിച്ചുകൊണ്ട് ICDS അതിന്റെ സേവനങ്ങളുടെ മോണിറ്ററിങ്ങ് ആവിഷ്കരിച്ചിട്ടുണ്ട്.

പൌരാവകാശ പ്രമാണങ്ങളും അടിസ്ഥാനമാക്കി ICDS ലെ പൊതുജന നഷ്ടോത്തരവാദിത്വവും (accountability) സുതാര്യതയും മെച്ചപ്പെടുത്താൻ ശിശുക്കളുമായി ബന്ധപ്പെട്ട outcomeൽ സമൂഹാടിസ്ഥാന ത്തിലുള്ള നാല് പ്രമുഖ സംവിധാനങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു.

a. **കോമൺ റിവ്യൂ മിഷൻ (CRM) ആരംഭിച്ചത്** : ദേശീയ ആരോഗ്യ മിഷന്റെ രീതിയിൽ AWC കൾ മുഖേന ആരോഗ്യവകുപ്പ് നടപ്പാക്കുന്ന ഇമ്മ്യൂണൈസേഷൻ, ഹെൽത്ത് ചെക്കപ്പുകൾ, ICDS ന്റെ റഫറൽ പരിപാടി എന്നിങ്ങനെയാണ് അത് നടപ്പാക്കുന്നത്. സംയുക്ത CRMന്റെ ശുപാർശകൾ പദ്ധതി രൂപ കല്പനയിൽ മധ്യഘട്ടത്തിൽ തിരുത്തൽ വരുത്താൻ സാധ്യമാക്കുകയും ദേശീയതലത്തിലും ബന്ധപ്പെട്ട സംസ്ഥാന ICDS നും feed back അറിയിക്കുകയും ചെയ്യും.

b. **ജൻ സൻവൈ:** ദേശീയ, സംസ്ഥാന ജില്ലാ തലങ്ങളിലെ (വ്യത്യസ്ത ജില്ലകൾ) ഉദ്യോഗസ്ഥരും സന്നദ്ധസംഘടനാ അംഗങ്ങളുമടങ്ങിയ സമ്മിശ്ര വിഭാഗങ്ങൾ ഉൾപ്പെട്ട മോണിറ്ററിങ് ഗ്രൂപ്പ് നിശ്ചിതമായ സാമ്പിൾ hotspots/ശരാശരിയും ഉയർന്ന അളവിൽ തൂക്കക്കുറവുള്ളതുമായ കേസുകൾ ആവർത്തിച്ച് റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങൾ സന്ദർശിക്കുന്നതാണ്. ഈ ടീം അംഗങ്ങൾ പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ അറിയുകയും ആസൂത്രണംചെയ്ത ഇടപെടലുകൾ, അഭാവങ്ങൾ, ശിശുവികസനഫലങ്ങളിലും സ്വാധീനങ്ങളിലും മെച്ചപ്പെടുത്താനായി തുടർന്ന് ആവശ്യമായ അളവിലും ഗുണപരമായ വിശകലനം നടത്തും. ഇതിനായി, പ്രശ്നബാധിത

കുടുംബങ്ങളിലും സമൂഹങ്ങളിലുംപ്പെട്ട അംഗങ്ങളുമായി ഈ ടീംമംഗങ്ങൾ പരസ്പരപ്രവർത്തനവും focus group discussion(FGD)നും നടത്തുന്നതാണ്. ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി ഈ ടീം ശുപാർശകളടങ്ങിയ വിശകലന റിപ്പോർട്ട് തയ്യാറാക്കുകയും ജില്ല, സംസ്ഥാന, കേന്ദ്ര ഐ സി ഡി എസിന് സമർപ്പിക്കുകയും ചെയ്യും.

c. **സമൂഹ ഉടമസ്ഥതയിലുള്ള അക്രെഡിറ്റേഷൻ സിസ്റ്റം:** വ്യത്യസ്ത തലങ്ങളിൽ ശിശു ശുശ്രൂഷാസേവനങ്ങളിൽ ഗുണപരമായ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ, പോഷക, വികസന ഫലങ്ങളെ അടിസ്ഥാനമാക്കിയ AWC കൾ, ഗ്രാമ, ബ്ലോക്ക്, ജില്ല, ഹെൽത്ത്, സബ് സെന്ററുകൾ എന്നിവപോലുള്ള സേവന ദായക സ്ഥാപനങ്ങളുടെ റേറ്റിങ്ങ്/ഗ്രേഡിങ്ങ് നടത്തുന്നതിനായി മാർഗനിർദ്ദേശം നൽകിയിരിക്കുന്നു. ഉന്നതമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന പഞ്ചായത്ത്, ബ്ലോക്കുകൾ, ജില്ലകൾ, സംസ്ഥാനങ്ങൾ എന്നീ സേവനദാതാക്കളായ സ്ഥാപനങ്ങൾക്ക് **നിർമ്മൽഗ്രാം പുരസ്കാർ** (TSC) മാതൃകയിൽ, സാമൂഹിക അംഗീകാരം സമ്മാനിക്കുകയോ നൽകുകയോ ചെയ്യും.

d. **സാമൂഹിക വെളിപ്പെടുത്തലും പൊതുവിവര വിനിമയവും:** ICDS ന്റെ സമൂഹതലത്തിലുള്ള സൂചികൾ – കുട്ടികൾ അങ്കണവാടികളിൽ വരുന്നത്, ശരാശരിയും വല്ലാതെ തൂക്കക്കുറവുള്ള കുട്ടികൾ, അർഹരായ ഗുണഭോക്താക്കൾ, പ്രധാന സേവനങ്ങൾ എന്നിവ ഗ്രാമതലത്തിൽ . AWCകളുടെയും ഹെൽത്ത് സബ് സെന്ററുകളുടേയും ഗ്രാമപഞ്ചായത്തുകളുടേയും പുറത്ത് പ്രാധാന്യമർഹിക്കുന്ന വിധം പ്രദർശിപ്പിക്കുകയും ചെയ്യും. നിശ്ചയിച്ചിട്ടുള്ള മാസാടിസ്ഥാനത്തിലുള്ള ഗ്രാമ ആരോഗ്യ & പോഷക ദിനങ്ങ(VHNDS)ളുടെ ചാർട്ട് പുതുക്കുകയും ഈ ദിശയിലുള്ള ആഴമേറിയ ചർച്ച നടത്തുകയും ചെയ്യും.

വില്ലേജ് ഹെൽത്ത് സാനിറ്റേഷൻ & ന്യൂട്രീഷൻ കമ്മിറ്റി (VHSNC) യുടെ പങ്ക്

ആശവർക്കർ, ANM, AWW (അങ്കണവാടി വർക്കർമാർ) എന്നിവരുടെ സജീവപങ്കാളിത്തം VHSC യുടെ ambitൽ കൂട്ടിച്ചേർത്തു കൊണ്ട് ആരോഗ്യ, കുടുംബക്ഷേമ മന്ത്രാലയം 2011 ജൂലൈ 25-ാം തിയതിയിലെ സർക്കുലറിലൂടെ VHSCയുടെ പങ്ക് വിശാലമാക്കിയിട്ടുണ്ട്. ഇനി മുതൽ ഈ കമ്മറ്റി VHSNC എന്നറിയപ്പെടും. ഗ്രാമസഭയുടെ സബ്കമ്മിറ്റിയാണ് VHSNC.

VHSNC യുടെ ലക്ഷ്യങ്ങൾ

- ആരോഗ്യ പരിപാടികളേക്കുറിച്ചും സർക്കാർ മുൻകൈകളേക്കുറിച്ചും സമൂഹത്തെ അറിയിക്കുകയും മെച്ചപ്പെട്ട ഫലങ്ങൾ ഉളവാകുന്ന വിധത്തിൽ ഈ പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം എന്നിവയിൽ പങ്കാളികളാകാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ആരോഗ്യവുമായി നേരിട്ടോ, പരോക്ഷമായോ ബന്ധപ്പെട്ട സാമൂഹ്യ നിർണായക ഘടകങ്ങളിൽ കൂട്ടായ പ്രവർത്തനത്തിനായി ഒരു പൊതുവേദി ലഭ്യമാക്കുക.
- ആരോഗ്യസേവനങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ, മുൻപരിചയങ്ങൾ, പ്രശ്നങ്ങൾ എന്നിവ ഉന്നയിക്കാനായി ഒരു സംഘടന സംവിധാനം രൂപപ്പെടുത്തുക/ ലഭ്യമാക്കുക.
- അതുവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പൊതുജനാരോഗ്യ സേവനദാതാക്കൾക്കും ഇതിൽ ശ്രദ്ധയൂന്നാനും ഉചിതമായ വിധം ഇടപെടാനും സാധിക്കും.
- ആരോഗ്യം, മറ്റ് പൊതുജന സേവനങ്ങൾ എന്നിവയുടെ ഭരണപരമായ കാര്യങ്ങളിൽ തങ്ങളുടെ പങ്ക് നിർവ്വഹിക്കാൻ പഞ്ചായത്തുകളെ ശാക്തീകരിക്കുക.
- ഗ്രാമത്തിലെ മെച്ചപ്പെട്ട ആരോഗ്യാവസ്ഥ കൈവരിക്കുന്നതിനായി കൂട്ടായ പ്രവർത്തനം ഏറ്റെടുക്കുന്നതിന് നേതൃത്വപരമായി സമൂഹങ്ങളെ കഴിവുറ്റതാക്കി മാറ്റുക.
- പൊതുജനാരോഗ്യ പ്രവർത്തകർക്ക് പിന്തുണയും സൌകര്യങ്ങളും ലഭ്യമാക്കുക – സമൂഹവുമായി യോജിച്ചു പോകുകയും സേവനം നൽകുകയും ചെയ്യേണ്ടതായ ആശ, മറ്റ് മുൻനിര ആരോഗ്യ സേവന ദാതാക്കൾക്ക്.

ആരോഗ്യ ശുചിത്വ - പോഷകാഹാര കമ്മിറ്റി (VHSNC)

NRMനു കീഴിൽ ആവിഷ്കരിച്ചിരിക്കുന്ന വില്ലേജ് ആരോഗ്യ ശുചിത്വ കമ്മിറ്റി PRIകളുടെ കുടക്കീഴിലാണ്. VHSNC യുടെ പങ്ക് താഴെ പറയുംപോലെ വിശാലമായി നിർബന്ധിതമാക്കിയിരിക്കുന്നു.

- പോഷക പ്രശ്നങ്ങളെക്കുറിച്ചും ആരോഗ്യാവസ്ഥയെ നിർണയിക്കുന്നതിൽ പ്രമുഖ ഘടകമായ പോഷകാഹാഹത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുക.
- ഗ്രാമങ്ങളിലെ സ്ത്രീകൾക്കിടയിലും കുട്ടികൾക്കിടയിലും പോഷക സ്ഥിതിയെക്കുറിച്ചും പോഷകക്കുറവിനെക്കുറിച്ചും സർവ്വേ നടത്തുക.
- ഉയർന്ന പോഷക മൂല്യമുള്ള, പ്രാദേശികമായി ലഭ്യമായ ഭക്ഷ്യവസ്തുക്കൾ കണ്ടെത്തുകയും പ്രാദേശിക സംസ്കാരത്തിന് അനുസരിച്ചുള്ള മികച്ച ശീലങ്ങളെ പ്രചരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ഗ്രാമീണ ആരോഗ്യ പരിപാടിയിൽ പോഷക ആവശ്യങ്ങൾ ഉൾപ്പെടുത്തുക - ആശ, ANM, KDS സൂപ്പർവൈസർ, AWW എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് കമ്മിറ്റി, സമൂഹതലത്തിലും ഗാർഹിക തലത്തിലും പോഷകാഹാരക്കുറവിന്റെ കാരണങ്ങളേക്കുറിച്ച് ആഴത്തിലുള്ള വിശകലനം നടത്തുന്നതാണ്.
- വില്ലേജ് ആരോഗ്യ - പോഷകദിനങ്ങളുടെ (VHNDS) മൂല്യനിർണയവും മേൽനോട്ടവും നടത്തി. അത് ഗ്രാമത്തിൽ ഓരോ മാസവും മുഴുവൻ ഗ്രാമത്തിന്റേയും സജീവ പങ്കാളിത്തത്തോടെ സംഘടിപ്പിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
- സമൂഹത്തിലെ പോഷകക്കുറവ് നേരിടുന്ന കുട്ടികളെ നേരത്തേ കണ്ടെത്തുന്നതിന് സൌകര്യം ചെയ്യുകയും ഏറ്റവും അടുത്ത ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്റർ-പോഷകാഹാര പുരനധിവാസ കേന്ദ്രത്തിലേക്ക് (NRC) സുസ്ഥിരമായ ഫലത്തിനായി തുടർപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
- വില്ലേജിലെ AWCകളുടെ പ്രവർത്തനം സൂപ്പർവൈസ് ചെയ്യുകയും സ്ത്രീകളുടേയും കുട്ടികളുടേയും പോഷക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള അതിന്റെ പ്രവർത്തനത്തെ സൗകര്യപ്പെടുത്തുകയും ചെയ്യുക.
- ഗ്രാമത്തിലെ പോഷക, ആരോഗ്യ പ്രശ്നങ്ങളിൽ ഒരു പ്രശ്ന പരിഹാര ഫോറമായി പ്രവർത്തിക്കുക.

VHSNCക്കുള്ള ചെക്ക് ലിസ്റ്റ്

ക്രമ നമ്പർ	സൂചകങ്ങൾ	ജനുവരി	ഫെബ്രുവരി	മാർച്ച്
	അങ്കണവാടി കേന്ദ്രം			
1	എല്ലാ അങ്കണവാടി കേന്ദ്രങ്ങളും അതാതു മാസം കൃത്യമായി തുറന്നിട്ടുണ്ടോ ?			
2	3-6 വയസുള്ള കുട്ടികളുടെ എണ്ണം?			
3	പതിവായി അങ്കണവാടിയിൽ വരുന്ന 3-6 വയസുള്ള കുട്ടികളുടെ എണ്ണം?			
4	ഗ്രാമത്തിലെ 0-3 വയസുകാരായ കുട്ടികളുടെ എണ്ണം?			
5	പോഷകാഹാരക്കുറവുള്ള, അല്ലെങ്കിൽ ഗുരുതരമായ പോഷകാഹാരക്കുറവുള്ള 0-3 വയസുള്ള കുട്ടികളുടെ എണ്ണം?			
6	കഴിഞ്ഞ/ ഒടുവിലത്തെ മാസം എല്ലാ സെന്ററുകളിലും കുട്ടികളുടെ തൂക്കം എടുത്തിരുന്നോ ?			
7	എല്ലാ സെന്ററുകളിലും കഴിഞ്ഞ/ അവസാന ആഴ്ച പയറും പച്ചക്കറികളും പാചകം ചെയ്തു നൽകിയ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിരുന്നോ?			

8	കഴിഞ്ഞ മാസത്തെ ഓരോ ചൊവ്വാഴ്ചയും പാചകം ചെയ്ത ഭക്ഷണം എല്ലാ സെന്ററുകളിലും വിതരണം ചെയ്തിരുന്നോ?			
	പൂരകപോഷകാഹാരം			
9	പൂരക ഫീഡിങ്ങ് ഇനിയും ആരംഭിച്ചിട്ടില്ലാത്ത 6-9 മാസം പ്രായമായ കുട്ടികളുടെ എണ്ണം ?			
	ആരോഗ്യ സേവനങ്ങൾ			
10	പ്രതിരോധ കുത്തിവെപ്പിന് /VHND ക്കായി കഴിഞ്ഞ മാസം ANM വന്നിരുന്നോ ?			
11	എല്ലാ (ചെറു) ഗ്രാമങ്ങളിലേയും മുഴുവൻ കുട്ടികൾക്കും ഉചിതമായ പ്രായത്തിൽ വാക്സിനേഷൻ നടത്തിയോ?			
12	VHND യിൽ ഗർഭിണികൾക്കുള്ള ബി.പി.നിർണയം നടത്തുകയുണ്ടായോ?			
13	രോഗികൾക്ക് സൌജന്യമായി ANM മരുന്നുകൾ നല്കിയോ?			
14	എല്ലാ ആശാപ്രവർത്തകരുടെ കൈവശവും 10 ക്ലോറോക്വയ്ൻ ഗുളികളിലും കൂടുതൽ ഉണ്ടോ ?			
15	എല്ലാ ആശാ പ്രവർത്തകരുടെ പക്കലും 10 കോടി മാക്സ്സോൾ ഗുളികകളേക്കാൾ കൂടുതൽ ഉണ്ടോ?			
16	ഗുരുതരമായ രോഗികൾ, പ്രസവകേസുകൾ, രോഗികളായ നവജാത ശിശുക്കൾ തുടങ്ങിയവരെ ആരോഗ്യാലയങ്ങളിൽ എത്തിക്കുന്നതിന് വാഹന സൌകര്യം ലഭ്യമാക്കുന്നുണ്ടോ?			
17	കൊതുകുവല ഉപയോഗിക്കാത്ത കുടുംബങ്ങളുടെ എണ്ണം?			
18	കഴിഞ്ഞ മാസം വീടുകളിൽ നടന്ന പ്രസവങ്ങളുടെ എണ്ണം?			
19	കഴിഞ്ഞ മാസത്തിനിടെ ഉണ്ടായ വയറിളക്ക രോഗങ്ങളുടെ എണ്ണം?			
20	കഴിഞ്ഞ മാസത്തിനിടെ ഉണ്ടായ പനി കേസുകളുടെ എണ്ണം?			
	ഭക്ഷ്യ സുരക്ഷ			
21	കഴിഞ്ഞ മാസത്തിൽ റേഷൻ കടയിൽ എല്ലാത്തരം റേഷൻ സാധനങ്ങളും ലഭ്യമായിരുന്നോ?			
22	എല്ലാ വയോജന പെൻഷൻകാർക്കും യഥാസമയം പെൻഷൻ ലഭിച്ചോ?			
23	MGNREGA വേതനം യഥാസമയം ലഭിച്ചോ?			
	വിദ്യാഭ്യാസം			
24	6-16 വയസ്സ് വിഭാഗത്തിൽപെട്ട സ്കൂളിൽ പോകാത്ത പെൺകുട്ടികളുടെ എണ്ണം?			

സോഷ്യൽ ഓഡിറ്റ് (സാമൂഹ്യ പരിശോധന)

സാധാരണ ജനങ്ങളെ ഉദ്ദേശിച്ചുള്ള പരിപാടികളുടെ ആസൂത്രണവും നിർവ്വഹണവും മൂല്യനിർണയം ചെയ്യുന്നതിൽ ജനങ്ങൾ സർക്കാരിനൊപ്പം പ്രവർത്തിക്കുന്ന പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ്. ഒരു സ്ഥാപനത്തിന്റെ വിഭവശേഷിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ആ വിവരങ്ങൾ പങ്കാളിത്ത രീതിയിൽ വിശകലനം ചെയ്യുകയും പരസ്യമായി പങ്കുവയ്ക്കപ്പെടുകയും ചെയ്യുന്ന പ്രക്രിയയാണ് സാമൂഹ്യ പരിശോധന. "ഓഡിറ്റ്" എന്ന പദം ഉപയോഗിക്കുന്നുണ്ടെങ്കിൽക്കൂടി, ധനപരമായ കാര്യങ്ങൾ പരിശോധിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല സോഷ്യൽ ഓഡിറ്റ്. സാമൂഹിക ലക്ഷ്യങ്ങൾക്കായി വിഭവങ്ങൾ എങ്ങനെ ഉപയോഗിക്കപ്പെടുന്നുവെന്നതാണ് സോഷ്യൽ ഓഡിറ്റിന്റെ പ്രധാന ഉള്ളടക്കം.

ഏതു സ്കീമിന്റേയും അല്ലെങ്കിൽ വികസന പരിപാടിയുടേയും നയത്തിന്റേയും അല്ലെങ്കിൽ നിയമത്തിന്റേയും ഗുണഭോക്താക്കൾ, ആ പദ്ധതികളേയും പരിപാടികളേയും നയങ്ങളേയും നിയമങ്ങളേയും ഓഡിറ്റ് ചെയ്യാനായി ശാക്തീകരിക്കപ്പെടുന്ന പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ്. ഒരു പ്രവർത്തനത്തിൽ അല്ലെങ്കിൽ പദ്ധതിയിൽ പ്രത്യക്ഷ ഗുണഭോക്താക്കളും മറ്റു സ്റ്റെയ്ക്ക് ഹോൾഡേഴ്സും, ആ പ്രവർത്തനത്തിന്റെ ആസൂത്രണം തുടങ്ങി മോണിറ്ററിംഗ് മുതൽ മൂല്യനിർണയത്തിൽവരെ പങ്കുകൊള്ളുന്ന തുടർപ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ്. അപ്രകാരം അത്, ആ പ്രവർത്തനം അല്ലെങ്കിൽ പദ്ധതി നിലവിലുള്ള (പ്രാദേശിക) സാഹചര്യങ്ങളിൽ ഏറ്റവും അനുയോജ്യമായ രീതിയിൽ രൂപം നൽകപ്പെടുകയും നടപ്പാക്കപ്പെടുകയും ചെയ്യുമെന്ന് ഉറപ്പ് വരുത്താൻ ശ്രമിക്കുന്നു; ഒപ്പം അതുമൂലം ബാധിക്കപ്പെടുന്നവരുടെ മുൻഗണനകളും പരിഗണനകളും അനുയോജ്യമായ വിധം പ്രതിഫലിപ്പിക്കപ്പെടുകയും പൊതുജനതാല്പര്യത്തെ ഏറ്റവും ഫലപ്രദമായി പരിഗണിക്കുകയും ചെയ്യുന്നുമെന്നും ഉറപ്പാക്കുന്നു.

കുറേക്കൂടി ലളിതമായി പറഞ്ഞാൽ, ഒരു പദ്ധതിയുടെ/പരിപാടിയുടെ നിർവ്വഹണവും അതിന്റെ ഫലങ്ങളും പ്രാഥമിക തല്പരകക്ഷികളുടെ സജീവമായ പങ്കാളിത്തംമൂലം പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ് എന്നു പറയാം.

ചെലവുകൾ വരിക/നൽകപ്പെടുക– എന്നിവയുമായും പ്രവർത്തനങ്ങളുടെ എണ്ണം/ഉപയോഗിച്ച വസ്തുക്കൾ, പ്രവൃത്തികളുടെ തിരഞ്ഞെടുപ്പ്, പ്രവൃത്തികളുടെ സ്ഥാനം എന്നിവയുമായി ബന്ധപ്പെട്ട് പ്രവൃത്തികളെ അളവുപരമായും ഗുണപരവുമായും ഉൾക്കൊള്ളുന്നതാണ് സോഷ്യൽ ഓഡിറ്റ്. ഫലപ്രദമായ നിർവ്വഹണവും ക്രമക്കേടുകളുടെ നിയന്ത്രണവുമാണ് ലക്ഷ്യം. സമൂഹം സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ഭരണ യന്ത്രം പൂർണമായ പിൻതുണ നൽകിയേ തീരൂ. സുതാര്യതയും നഷ്ടോത്തരവാദിത്വവും വർദ്ധിപ്പിക്കുന്നതിനുള്ള സാമൂഹികമായ (community driven) ഒരു ഉപാധിയാണത്. ക്രമവിരുദ്ധത, അഴിമതികൾ എന്നിവയെ അത് കണ്ടെത്തുകയും തെറ്റായ പ്രവൃത്തികൾ ചെയ്യുന്നവരെ പൊതുജനമദ്ധ്യത്തിൽ തുറന്നുകാട്ടുകയും ഉത്തരവാദികളാക്കി തീർക്കുകയും ചെയ്യുന്നു.

സോഷ്യൽ ഓഡിറ്റിന് കീഴിലെ പ്രവർത്തനങ്ങൾ

- തെളിവുകളെ അടിസ്ഥാനമാക്കിയും സൂക്ഷ്മമായതും നിഷ്പക്ഷമായതുമായ വിവരങ്ങൾ ലഭ്യമാക്കുക.
- പ്രാദേശികമായ സേവന ദാതാക്കളേക്കുറിച്ച് ഗുണഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുക.
- സമൂഹത്തിലെ അംഗങ്ങൾക്ക് സർക്കാരിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവരങ്ങൾ പ്രാപ്യമാകുന്നത് മെച്ചപ്പെടുത്തുക.
- അഴിമതിയും ദുർഭരണവും തുറന്നു കാട്ടുന്നതിനുള്ള വിലയേറിയ ഉപകരണം/സംവിധാനം.
- പുരോഗതി മൂല്യനിർണയം ചെയ്യാനും തട്ടിപ്പുകളെ തടയാനും സഹായിക്കുന്നു.
- ജനശബ്ദം ഉയർത്തി കൊണ്ടുവരാനും സൽഭരണത്തിന് അവസരമൊരുക്കാനും സഹായിക്കുന്നു.

സോഷ്യൽ ഓഡിറ്റിന്റെ ഫലം

- **സുതാര്യത:** ഭരണപ്രക്രിയയിലും തീരുമാനങ്ങൾ എടുക്കുന്നതിലും പൂർണമായ സുതാര്യത വരുത്തിക്കൊണ്ട്, പ്രസക്തമായ എല്ലാ വിവരങ്ങളിലും ജനങ്ങൾക്ക് പൂർണമായും പ്രാപ്യത ലഭിക്കാൻ (വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്താൻ) സർക്കാരിനെ ബാധ്യസ്ഥമാക്കുക.

- **പങ്കാളിത്തം:** തീരുമാനിക്കുകയും മൂല്യനിർണയം ചെയ്യുകയും ചെയ്യുന്ന പ്രക്രിയയിൽ ബന്ധപ്പെട്ട/ബാധിക്കപ്പെട്ട എല്ലാ വ്യക്തികളേയും (അവരുടെ പ്രതിനിധികളെ മാത്രമല്ല) അവകാശത്തെ അടിസ്ഥാനമാക്കി അർഹരാക്കുക.
- **നഷ്ടോത്തരവാദിത്വം(Accountability):** പ്രസക്തമായ പ്രവർത്തനങ്ങളിലും പ്രവർത്തന രാഹിത്യങ്ങളിലും ബന്ധപ്പെട്ടവരും ബാധിക്കപ്പെട്ടവരുമായ എല്ലാ ജനങ്ങളോടും അടിയന്തിരമായി പൊതുജനമധ്യത്തിൽ മറുപടി പറയാൻ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളേയും സർക്കാർ അധികൃതരേയും ബാധ്യസ്ഥമാക്കൽ.

സോഷ്യൽ ഓഡിറ്റ് ആര് സംഘടിപ്പിക്കും?

തല്പരകക്ഷികളുടെ സമൂഹമാണ് സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കുക. ഗുണഭോക്താക്കൾ/പങ്കാളികൾ, നിർവ്വഹണ ഏജൻസി, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ മുതലായവർ ഉൾപ്പെടുന്നതാണ് തല്പരകക്ഷികൾ. സാമൂഹ്യ പരിശോധനയിൽ ഗ്രാമസഭ മുഴുവനായും പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. പഞ്ചായത്ത് അംഗങ്ങൾ, ഗുണഭോക്തൃ പ്രതിനിധികൾ, SHGകൾ, വില്ലേജ്തല സ്ഥാപനങ്ങൾ, ബന്ധപ്പെട്ട പ്രാദേശിക/സാമൂഹിക നേതാക്കൾ, യുവജന ക്ലബ്ബുകൾ, അരികുവല്ക്കരിക്കപ്പെട്ട വിഭാഗങ്ങൾ (എസ്.സി/എസ്.ടി/വനിതകൾ) മുതലായവർ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായിത്തീരുകയും ഗ്രാമസഭയിൽ തങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ചെയ്യും. സോഷ്യൽ ഓഡിറ്റിന്റെ ഗുണങ്ങൾ ഇവയാണ്.

- പദ്ധതിയേക്കുറിച്ച് ഗുണഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുക.
- പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുക.
- കണ്ടെത്തുന്ന ഏതു ന്യൂനതകളും പരിഹരിക്കാനാവശ്യമായ മാർഗങ്ങൾ നിർദ്ദേശിക്കുക.
- ലക്ഷ്യം നേടുന്നതിന് പദ്ധതിയുടെ സ്വാധീനം വിലയിരുത്തുക.
- പരാതി പരിഹാരങ്ങൾ സംഘടിപ്പിക്കുക.
- പരിഹാര നടപടികളുടെ തുടർച്ച

AWC പ്രവർത്തനങ്ങളുടെ ദിശാഗതിനിയന്ത്രണത്തിൽ (monitoring) PRIകളുടെ പങ്ക്

AWC തലത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിലും സാധനങ്ങൾ ലഭ്യമാക്കുന്നതിലും അഭിലഷണീയമായ ഒരു accountability സംവിധാനം വാർത്തെടുക്കുന്നതിനായി ICDS പ്രവർത്തനങ്ങളുടെ മോണിറ്ററിംങ്ങിന് PRIകളുടെ പങ്കാളിത്തവും എക്കാലവും ആവശ്യമായി കരുതപ്പെട്ടിരുന്നു. എങ്കിലും, വ്യക്തമായി നിർവ്വചിക്കപ്പെട്ട മാർഗ നിർദ്ദേശങ്ങളുടെ അഭാവത്തിൽ, ICDSന്റെ നടത്തിപ്പിനെ പിന്തുണയ്ക്കാനുള്ള PRIകളുടെ പങ്കിനെ ഒറ്റപ്പെട്ടതും AWSഉം AWHSഉം തിരഞ്ഞെടുക്കുന്നതിലേക്ക് AWC കെട്ടിടങ്ങളുടെ നിർമ്മാണത്തിലേക്ക് ചുരുക്കുകയും ചെയ്തിരിക്കുന്നതിനാൽ, PRIകൾ AWCകളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ മോണിറ്ററിംഗിൽ പ്രത്യേകിച്ചും താഴെ പറയുന്നവയിൽ പങ്കെടുക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

- AWCകളുടെ പ്രവർത്തനത്തിലെ കൃത്യനിഷ്ഠ.
- പൂരക ആഹാരം (സ്നാക്സ്, പാചകപ്പെടുത്തിയ ചൂടുള്ള ഭക്ഷണങ്ങൾ, THR), അതിന്റെ ഗുണം, സമൂഹം അവ സ്വീകരിക്കുന്നത് എന്നിവയിലെ കൃത്യനിഷ്ഠ.
- എല്ലാ വീടുകളും അർഹരായ ഗുണഭോക്താക്കളേയും ഉൾപ്പെടുത്തൽ.
- പതിവായി കുട്ടികളുടെ തൂക്കം നോക്കൽ
- ആരോഗ്യ വകുപ്പ് IFA, വിറ്റാമിൻ എ, വിരശല്യം ഇല്ലാതാക്കാൻ നൽകുന്ന മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നതിലെ കൃത്യനിഷ്ഠ.
- ആരോഗ്യവകുപ്പും, ഐ സി ഡി എസും (വില്ലേജ് ഹെൽത്ത് ആൻഡ് സാനിറ്റേഷൻ കമ്മിറ്റികൾ) സംയുക്തമായി മാസംതോറും മീറ്റിങ്ങുകളും വില്ലേജ് ആരോഗ്യ-പോഷക (VHND) ദിനാചരണങ്ങളും സംഘടിപ്പിക്കൽ.

- AWCയിൽ നിർദ്ദിഷ്ട രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കൽ.
- AWWകൾക്കും AWH കൾക്കും ഓണറേറിയം കൃത്യമായി നൽകുന്നുണ്ടെന്ന് മോണിറ്റർ ചെയ്യൽ.
- AWCകളുടെ നിർമ്മാണവും പരിപാലനവും
- ICDS സേവനങ്ങൾ ലഭ്യമാക്കുന്നതിൽ പങ്കാളികളാകാൻ ജനങ്ങളെ പ്രചോദിപ്പിച്ചു കൊണ്ട് സമൂഹത്തെ സജ്ജമാക്കൽ (community mobilisation).
- ആരോഗ്യ, പോഷക, ശുചിത്വ വിദ്യാഭ്യാസത്തിൽ പങ്കുകൊള്ളൽ.

ഇക്കാര്യത്തിൽ സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങൾക്ക് സംസ്ഥാന PRI വകുപ്പുമായി കൂടിയാലോചിച്ച് PRI അംഗങ്ങളിൽ നിന്ന് ലഭിക്കുന്ന feed back അവലോകനം ചെയ്യാനും ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളാനും അനുയോജ്യമായ റിപ്പോർട്ടിങ്ങ് സംവിധാനം ആവിഷ്കരിക്കാനും കഴിയും.